# വിദ്യാഭിവർദ്ധിനി.

“വിദ്യാധനം സർവ്വധനാൽ പ്രധാനം.”

പു: 15 { 110 ധനു } ലക്കം 10


## ശ്രീഗോപാലാഷ്ടകം.


(ആലപ്പാട്ടു എൻ. രാമൻനായർ.)


കനിഞ്ഞാലും മേലും ഘനസുഷമകോലും കളവപു-
സ്സെട്ടുത്തിന്ദ്രൻ പോലും തൊഴുതുവരമോലും വരശിശോ!
തെളിഞ്ഞുള്ളിൽകാലേ വിലസുക! സലീലം സുദൃഢമായ്-
സദാ ശ്രീഗോപാലാ! പടി ഭുവനപാലാ! തൊഴുതിടാം. 1

മയിൽപ്പീലിക്കണ്ണും മണിയുമൊരുവണ്ണം മകുടമാ-
യണിഞ്ഞുള്ളൊന്നുണ്ണീ! ഘൃണയകമെന്നുണ്ണീ മതിയതിൽ
വിളങ്ങേണംകണ്ണാ! സതതവുമപർണ്ണാപതിനുതാ!
സദാശ്രീഗോപാലാ! പടി ഭുവനപാലാ! തൊഴുതിടാം. 2

ശരീരാദൌകാമം വരരുത്തു വരാമാ വിമലമാം
ത്വദീയാംഘ്രിപ്രേമം പശുപകുലരാമാരമണ! മേ
വരേ വൃന്ദാരാമേ സുരസികസുദാമാസഹിത! ഞാൻ
സദാശ്രീഗോപാലാ! പടി ഭുവനപാലാ! തൊഴുതിടാം. 3

ഉദിക്കേണംരൂപം ശ്രിതപദകലാപം ലളിതമെൻ-
മനക്കാമ്പിൽ ലോപം തവകളകഥാപാനകൃതിയിൽ
ഭവിക്കൊല്ലാ കോപം സുജനകുലശാപഞ്ച ഭഗവൻ!
സദാശ്രീഗോപാലാ! പടി ഭുവനപാലാ! തൊഴുതിടാം. 4

നിറഞ്ഞോനേ! ലോകം അരുളുക! വിവേകം വിശദമം
മറത്തും പൂത്തുകും മധുരമധുവാകും മധുഹരാ!
അകന്നീടാൻ ശോകം കരുണയിവനേകേണമനിശം
സദാശ്രീഗോപാലാ! പദി ഭുവനപാലാ! തൊഴുതിടാം. 5

പ്രൃജത്തുംപൂങ്കാവിൽ മലരുടയമാവിൽ മരുവിടും
പികങ്ങൾക്കുംഭാവേ കളമൊഴിനിരയ്ക്കും മുരളിതൻ-
നറും ഗീതം തൂകി ലയമരുളിമേവും മുരാഹരാ!
സദാശ്രീഗോപാലാ! പദി ഭുവനപാലാ തൊഴുതിടാം. 6

നിറംചേരും മഞ്ഞപ്പൂത്തുകിലിഴിഞ്ഞും മുരളിയും
പൊതിച്ചോറും കുഞ്ഞിക്കരമതിലുലഞ്ഞും പശുഗണം
തെളിച്ചോട്ടും കുഞ്ഞേ! ഉലകിതുവിശുദ്ധം തനുജലാൽ
സദാശ്രീഗോപാലാ! പദി ഭുവനപാലാ! തൊഴുതിടാം. 7

സദാരാധാഹൃൽപ്പൂനിരയണിവിരിപ്പിൽ രുചിവള-
ർന്നിരുന്നീടും മുപ്പാരിന്നലുമൊരുചെപ്പേ! ശതശതം
അടിത്താരിൽകൂപ്പാം മമ മതിയിരുപ്പിന്നരുളണം
സദാശ്രീഗോപാലാ! പദി ഭുവനപാലാ! തൊഴുതിടാം. 8

---

## വിദ്യാർത്ഥിലോകത്തിലെ മസ്തിഷ്കക്ഷയം.

---

(സി. കെ. രാമപ്പണിക്കർ ബി എ., എൽ. റ്റി)

വിദ്യാലയങ്ങളിലെ വർഷന്തോറുമുള്ള എല്ലാ പബ്ളിക്‌പരീക്ഷകളിലും ക്ലാസ്‌പരീക്ഷകളിലും വിജയികളുടെ എണ്ണം തുലോം കുറഞ്ഞുവരുന്നു. എന്തുകൊണ്ട്? പബ്ളിക്‌പരീക്ഷകൾക്കശേഷം വരുന്ന റിപ്പോർട്ടുകളിൽ, കുട്ടികളുടെ ഉത്തരക്കടലാസ്സുകൾ പൊതുവെ അതൃപ്തികരമെന്നും, അക്ഷരപ്പിഴകൾ ധാരാളം കാണുന്നുവെന്നും കൂടുതൽ ശ്രദ്ധ ആവശ്യമാണെന്നും മറ്റും മാത്രമേ പ്രസ്താവിച്ചു കാണുന്നുള്ളൂ. അപജയങ്ങൾ ഉണ്ടായാൽ, അദ്ധ്യാപകന്മാരെയും, അദ്ധ്യയനരീതിയെയും ആണ് സാധാരണ ജനങ്ങൾ പഴിപറക പതിവ്. അപ്രകാരം പറയുന്നതിൽ ഏറക്കുറെ വാസ്തവം ഉണ്ടാവാൻ പാടില്ലെന്നില്ല. എന്നാൽ ശരിയായ കാരണം എന്തെന്ന് ആരാഞ്ഞറിവാൻ അധികാരപരും ബദ്ധപ്പെട്ടതായി അറിവില്ല. പ്രാപ്തനായ അദ്ധ്യാപകന്റെ ക്ലാസ്സിൽ വിജയം കുറ

ഞ്ഞും അപ്രാപ്തനായ അദ്ധ്യാപകന്റെ ക്ലാസ്സിൽ വിജയം കൂടിയും ചിലപ്പോൾ കാണുന്നതു് എന്തുകൊണ്ടു്? ബുദ്ധിശക്തിയുടെ തോതനുസരിച്ചു് ഓരോ ക്ലാസ്സിലേയും വിദ്യാൎത്ഥികളെ തരംതിരിച്ചു് പ്രത്യേകം ഡിവിഷനിലാക്കി ഹിതാനുസരണം പ്രത്യേകം അദ്ധ്യാപകന്മാരെ ഏല്പിച്ചു് ഫലം പരീക്ഷിക്കുന്ന ഹെഡ്മാസ്റ്റർമാർ എത്രയുണ്ടു്? അദ്ധ്യാപകന്മാരുടെ പ്രാപ്തിക്കുറവുകൊണ്ടോ, അദ്ധ്യേതാക്കളുടെ അശ്രദ്ധയോ ശേഷിക്കുറവോ കൊണ്ടോ അപജയങ്ങൾ ഉണ്ടാകുന്നതെന്നു മനസ്സിലാക്കാൻ എത്ര ഹെഡ്മാസ്റ്റർമാർ തുനിയുന്നുണ്ടു്? അദ്ധ്യേതാക്കൾക്കു് ഏററവും ഫലപ്രദവും, അദ്ധ്യാപകന്മാൎക്കു് ഏററവും പ്രോത്സാഹജനകവുമായ ഉത്തമമാർഗ്ഗം എന്തായിരിക്കുമെന്നു് കണ്ടുപിടിയ്ക്കാൻ യത്നിച്ചിട്ടുള്ളവർ എത്രയുണ്ടു്? ഏതായാലും വിദ്യാൎത്ഥികൾക്കു നേരിടുന്ന അപജയങ്ങൾ വൎദ്ധിച്ചുവരുന്ന സ്ഥിതിക്കു് ഈ വിഷയത്തിൽ വിദ്യാഭ്യാസസംബന്ധമായ പരിജ്ഞാനം സിദ്ധിച്ചിട്ടുള്ള ചിന്തകന്മാരുടെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

അദ്ധ്യേതാക്കളുടെ അഭ്യുദയത്തെ കാംക്ഷിച്ചു് നിസ്വാൎത്ഥം, നിരന്തരം ഏതാനും വൎഷങ്ങൾ അദ്ധ്യാപകവൃത്തിയിലിരുന്നിട്ടുള്ളവർ ഒരു കാൎയ്യം ഐകകണ്ഠ്യേന സമ്മതിക്കുന്നുണ്ടു്. അതായതു് വിദ്യാൎത്ഥിലോകത്തിലെ മസ്തിഷ്കത്തിന് ക്ഷയം ബാധിച്ചിരിക്കുന്നുവെന്നുള്ളതാണ്. എത്ര നിസ്സാരകാൎയ്യമായിരുന്നാലും അദ്ധ്യാപകൻ ഒരു പ്രാവശ്യം പറയുന്നതുകൊണ്ടുമാത്രം ഗ്രഹിക്കുന്ന വിദ്യാൎത്ഥികൾ ഇപ്പോൾ ക്ലാസ്സിൽ ഒരു ശതമാനം കാണുമോ എന്നു സംശയം. ആവൎത്തനംകൊണ്ടുതന്നെയും കാൎയ്യം മനസ്സിലാക്കാൻ സാധിയ്ക്കാത്തവരാണ് ഭൂരിഭാഗം. കണക്കു പഠിപ്പിയ്ക്കുന്ന ക്ലാസ്സിലാണല്ലോ വിദ്യാൎത്ഥികളുടെ മസ്തിഷ്കശേഷി എളുപ്പം സ്പഷ്ടമാകുന്നതു്. വളരെ വിഷമിച്ചു മനസ്സിലാക്കുന്ന തത്വങ്ങൾതന്നെയും വേണ്ടിടത്തോളം കാലം കുട്ടികൾക്കു് ഓൎമ്മയിൽ നില്ക്കുന്നില്ല. ഒരാഴ്ചയ്ക്കകം മറവിവരുന്ന കുട്ടികൾ ധാരാളം. പഠിച്ച പാഠം ഒരുദിവസംകൊണ്ടു മറക്കുന്നതും അപൂൎവ്വമല്ല. ഇതെല്ലാം അദ്ധ്യാപകന്റെ പ്രാപ്തിക്കുറവോ ശ്രദ്ധക്കുറവോ നിമിത്തമായിരിക്കുമോ എന്നു ചിന്തിക്കേണ്ടതാണ്. ബുദ്ധി, ഗ്രഹണം, ചിന്തനം, ഓൎമ്മ മുതലായവയുടെ ശക്തി കുറയുന്നതു മസ്തിഷ്കക്ഷയംകൊണ്ടാണെന്നു് ഏവരും സമ്മതിയ്ക്കും.

വിദ്യാൎത്ഥികൾക്കു് മസ്തിഷ്കത്തെപ്പററി ഒരു സാമാന്യജ്ഞാനമെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. ശരീരത്തിലെ ഏററവും പ്രധാനമായ ഭാഗം മസ്തിഷ്കമാണെന്നു് പ്രത്യേകം പറയേണ്ടതില്ല

ല്ലോ. സൃഷ്ടിയിൽ ശരീരാന്തർഭാഗത്ത് അത് എപ്രകാരം സൂക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നു നോക്കുക! അനവധി പ്രവൃത്തിരംഗങ്ങളുടെ കേന്ദ്രസ്ഥാനങ്ങളടങ്ങിയ തലച്ചോറ്, പ്രത്യേകം എല്ലു കൊണ്ടുണ്ടാക്കിയ ഒരു പെട്ടിക്കകത്ത് അതിസൂക്ഷ്മമായി നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. അതിൽനിന്ന് കീഴോട്ടു വാലുപോലെ തൂങ്ങിക്കിടക്കുന്ന സുഷുമ്ന നട്ടെല്ലിനകത്താണ് സൂക്ഷിച്ചിരിക്കുന്നതു്. ഏററവും പ്രാധാന്യമേറിയതായതുകൊണ്ട് ഇതു് ഇപ്രകാരംതന്നെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. സുഷുമ്നയിൽനിന്ന് ഇരുവശങ്ങളിലേയ്ക്കും ജോടിയായി മുപ്പത്തിരണ്ടു ശാഖകൾ പുറപ്പെട്ട് അവയിൽ ഓരോന്നും അനവധി ശാഖോപശാഖകളായി പിരിഞ്ഞു് ശരീരത്തിൻെറ എല്ലാ ഭാഗങ്ങളിലും ചെന്നെത്തുന്നു. ശരീരത്തിനു വെളിയിലുള്ള സർവ്വസംഗതികളെപ്പററിയും ശരിയായ അറിവു് ചെറുശാഖകളായ സിരകൾ സമ്പാദിച്ചു് മസ്തിഷ്കത്തിനു കൊടുക്കും. ഇപ്രകാരമാണ് നമുക്കു ജ്ഞാനം വർദ്ധിക്കുന്നതു്. ശരീരം മുഴുവനുമോ ഏതെങ്കിലും ഒരു ഭാഗമോ എന്തുചെയ്യണമെന്ന് തീരുമാനിക്കുന്നതും മസ്തിഷ്കമാണ്. നാം ഭാവിയിൽ എപ്രകാരമായിത്തീരണമെന്നുള്ളതു് അതിൻെറ ഗുണദോഷത്തേയും പ്രവർത്തനശേഷിയേയും ആശ്രയിച്ചാണിരിക്കുന്നതു്.

പാരമ്പര്യവഴി സിദ്ധമാകുന്ന മസ്തിഷ്കശേഷി തന്നെയും അശ്രദ്ധമൂലം വിദ്യാർത്ഥിക്ക് നഷ്ടമായിപ്പോകുന്നു. ആഹാരക്രമത്തിലുള്ള നിപുണക്കുറവു്, ശരിയായ വ്യായാമമില്ലായ്മ, ശുചിത്വബോധക്കുറവു്, പൊടി ബീഡി സിഗററു് മുതലായ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം, കൃത്രിമജീവിതം മുതലായവയാണ് മസ്തിഷ്കക്ഷയത്തിനുള്ള പ്രധാന കാരണങ്ങൾ. വിദ്യാർത്ഥികൾ തലച്ചോറുകൊണ്ടാണല്ലോ കൂടുതൽ ജോലി ചെയ്യുന്നതു്. അതിനാൽ പ്രോട്ടീഡും (Proteid) ഫാസ്ഫറസ്സും (Phosphorows) കൂടുതലായി അവരുടെ ആഹാരസാധനങ്ങളിലടങ്ങിയിരിക്കണം. മസ്തിഷ്കക്ഷയമുള്ളവർക്കു സാധാരണ ഡാക്ടർമാർ കൊടുക്കുന്നതു്. (Wylie's Syrup, phosphodyne, felbow's Syrup, Bitro-Phosphare, Sanatogen) മുതലായവയാണ്. ഇവയെല്ലാം വാങ്ങി ഉപയോഗിക്കുന്നതിന് വിദ്യാർത്ഥികൾക്ക് കോശസ്ഥിതി അനുവദിച്ചില്ലെന്നു വരാം. മേല്പറഞ്ഞവ ഉപയോഗിക്കുന്നതുകൊണ്ടുള്ള ഫലംതന്നെ, പരിപ്പു്, പയറു്, പഴങ്ങൾ, വെണ്ടയ്ക്കാ, മുരിങ്ങയ്ക്കാ, കോഴിമുട്ട, ആട്ടിൻപാൽ, പശുവിൻപാൽ മുതലായവ സുലഭമായി ഉപയോഗിക്കുന്നതുകൊണ്ട് സിദ്ധമാകുന്നു.

വ്യായാമം ദിനംപ്രതി അത്യാവശ്യമാണ്. ശരീരാന്തർഭാഗ

ങ്ങളിലുള്ള മലിനപദാൎത്ഥങ്ങളെ വിയൎപ്പുവഴി വെളിയിൽ തള്ളുന്നതിനാണു് പ്രധാനമായി വ്യായാമം. തന്നിമിത്തം രക്തം പരിശുദ്ധമാകയും, സിരകൾക്കും മാംസപേശികൾക്കും ബലം വൎദ്ധിക്കയും ചെയ്യുന്നു. ദഹനശേഷം ശുദ്ധജലം ധാരാളം കുടിക്കുന്നതായാൽ മൂത്രം വഴിയും ശരീരത്തിലെ ത്യാജ്യവസ്തുക്കൾ വെളിയിൽ പൊയ്ക്കൊള്ളും.

മാനസികവും ശാരീരികവുമായ ശുചിത്വംകൊണ്ടു് നമുക്കു് രക്തം കൂടുതൽ ശുദ്ധമാക്കാം. നാം ഉഷ്ണമേഖലയിൽ വസിക്കുന്നവരായതുകൊണ്ടു രാവിലെ തണുത്ത ശുദ്ധജലത്തിൽ എണ്ണതേച്ചു് ദിനംപ്രതി കുളിക്കുന്നതും വളരെ നന്നു്.

പൊടി, ബീഡി, സിഗററു് മുതലായ ലഹരിപദാൎത്ഥങ്ങൾ മസ്തിഷ്കത്തെ മന്ദിപ്പിക്കുന്നു. അയവ വിദ്യാൎത്ഥികൾ തീരെ വൎജ്ജിക്കണം. കാഴ്ചക്കുറവു്, കൂടക്കൂടെ തലവേദന, വായിക്കുമ്പോൾ കണ്ണിൽനിന്നു് വെള്ളംവരിക എന്നീ അസുഖങ്ങൾ ഉള്ള കുട്ടികൾ ഈ കാൎയ്യത്തിൽ പ്രത്യേകം നിഷ്കൎഷിക്കണം.

ഇന്ദ്രിയങ്ങളെ ക്ഷയിപ്പിക്കുന്ന യാതൊരു പ്രവൃത്തിയും വിദ്യാൎത്ഥികൾ ചെയ്തുകൂടാത്തതാകുന്നു. ചെറിയ അക്ഷരത്തിൽ അച്ചടിച്ച പുസ്തകങ്ങൾ വായിക്കുകയോ, പ്രകാശം കുറഞ്ഞ വെളിച്ചം ഉപയോഗിക്കുകയോ ചെയ്യുന്നതുകൊണ്ടു് നേത്രങ്ങൾക്കു പെട്ടെന്നു് കേടു സംഭവിക്കുന്നു. സൽഗ്രന്ഥപാരായണവും, സജ്ജനസംസൎഗ്ഗവും വിദ്യാൎത്ഥികൾ എപ്പോഴും കാംക്ഷിക്കണം. സന്ധ്യാസമയങ്ങളിൽ ഏകാഗ്രതയോടുകൂടിയുള്ള ഈശ്വരവിചാരവും മസ്തിഷ്കശക്തിയെ ക്രമമായി വൎദ്ധിപ്പിക്കുന്നതായിരിക്കും.

---

## അസ്തശൈശവം.

---

(എ. രാഘവൻപിള്ള ബി. എ, മുതുകുളം.)

പാറമേൽതട്ടിച്ചിന്നിപ്പായുമന്നോരരുവിയും
പാവനപരിമളമാളുന്ന സുമങ്ങളും,
തേൻകുളിർവല്ലിചൂഴും മഞ്ജുവാം കുഞ്ജാലയേ
പൂങ്കുയിൽതുടരുന്ന പഞ്ചമരാഗങ്ങളും,
പുത്തനാം ചെമ്പരുത്തിപ്പൂമാലപൂർവ്വദിക്കിൽ
പതിവായ് നിത്യംചാൎത്തും പത്മിനീപതിതാനും,

പന്തിയിലുയൎന്നുനിന്നംബരം ചുംബിക്കുന്ന
ബന്ധുരശ്രീയേന്തിടും ശൈലദന്തികൾതാനും,
ഒരുനാളെൻെറഹൃത്തിൽ പുരുമോദത്തെച്ചേൎത്തോ-
രിവയോ, ഭാവഭേദമിപ്പോൾകൈക്കൊണ്ടീടുന്നു
അക്ഷയകാന്തിചിന്തും സ്വർലോകസമാനമാ-
യിക്ഷിതിയന്നെനിയ്ക്കു പ്രത്യക്ഷീഭവിച്ചേററം
സന്തോഷംചിന്തിയോരാസൌഭാഗ്യസ്വപ്നംനാശ-
സിന്ധുവിൽപതിപ്പാനും ബന്ധമെന്തിന്നീവിധം
ബാലചാപല്യമോലും കോലമല്ലിന്നുഞാനും
ബാല്യദൃഷ്ടിയാൽകണ്ടലോകമല്ലിന്നീലോകം
ലോലമാമെൻെറഹൃത്തിന്നാനന്ദമണച്ചവ
കാലമാംകാളാററിതൻ കാൎകോളംകവൎന്നതായ്
ആനന്ദംകലൎന്നോരക്കാലമാം പ്രസൂനത്തിൻ-
തേനൊലിദലങ്ങളായ് തോന്നിയോരദ്ദിനങ്ങൾ
മുത്തുകളോരോന്നായിപ്പന്നെൻെറകവിൾത്തട-
ഭിത്തിയിൽനീൎത്തുള്ളികളിന്നിതാചേൎത്തീടുന്നു.
പാൎവ്വണങ്ങളിൽചന്ദ്രൻ പാൽമഴപൊഴിച്ചന്നി-
പ്പാരിങ്കലെല്ലാം നല്ലപാല്ക്കടലലചേൎക്കെ
ധാവള്യംകലൎന്നോരുപേലവദുകൂലമെൻ-
പൂവലംഗത്തിൽ ചാൎത്തുംശശി, ഞാനോടുംനേരം
നീരദനിരതൻെറ പിന്നിൽനിന്നാലുംകള്ള-
പ്പാൽച്ചിരിപൂണ്ടെന്നോടൊത്തോടീടുമെൻമുററത്തിൽ
വാർമഴവില്ലൊന്നുഞാൻ വാസരാന്തത്തിൽകാണും
നേരമെൻകരവല്ലികൊട്ടിഞാനാനന്ദിയ്ക്കും
ചെന്തളിർത്തിങ്ങീടുന്നപ്രാന്തമാം മലർത്തോപ്പിൽ
ചന്തമായ് ഫുല്ലസൂനാലംകാരമാല ചാൎത്തി
വാതപോതാകമ്പിതലതകൾതലയാട്ടി
പ്രീതരായ് ഹസിച്ചെന്നെക്ഷണിയ്ക്കുമവിടേയ്ക്കു
എണ്ണമില്ലാതങ്ങ ഞായവയിൽപറന്നീടും
വൎണ്ണസൌഭാഗ്യം കോലുംശലഭവൃന്ദമെന്നെ
വഞ്ചിച്ചുശകാരമാം മൎമ്മരംമുഴക്കുമ്പോൾ
നെഞ്ചിൽഞാൻമോദംപൂണ്ടു ചിരിച്ചുചാഞ്ചാടീടും.
എവിടെമറഞ്ഞിതെൻസ്വൎഗ്ഗം? എന്നാനന്ദത്തെ-
യവിവേകിയാമാരിന്നാക്രമിച്ചതിക്രൂരം
മാനസസരിത്തിൽനിന്നെന്നുടെയാനന്ദമാം
മോഹനമഹോൽപ്പലം ഹരിച്ചഹസ്തമേതു്?

ശർമ്മദാത്രിയായീടും പ്രകൃതിയൻപെറുമ്മോ-
രമ്മയെപ്പോലന്നെന്നെ മേളത്തിൽലാളിച്ചേററം.
അന്നാങ്ങുസന്ധ്യാദേവിപാടലപ്പൂഞ്ചേലയാൽ-
തന്നംഗംമൂടിവന്നെൻതൊട്ടിലിൻമേലാപ്പതിൽ
മിന്നുന്നശ്വേതപുഷ്പസഞ്ചയം തൂക്കിവേഗം
സന്നതാംഗിയാൾരാവാം ചേലിയിൽനിന്നെന്നിയ്ക്കു
ചെന്നളിനമൊന്നപ്പോൾ പറിച്ചുപൊക്കിക്കാട്ടും
പല്ലവാധരംമെല്ലെവിടുത്തി കുഡ്മളൌഘ-
പ്പല്ലുകൾകാട്ടിജാതീവല്ലികൾ ചിരിച്ചെന്നും
താലോലിച്ചീടുമമ്മപോലെൻെറയുമ്മകാമി-
ച്ചാലോലാനിലചലൽച്ചില്ലിയാൽവിളിച്ചീടും
ഇന്നിവയെല്ലാമേററം സൌഹാർദ്ദവിമുഖരായ്
ഖിന്നനാമെന്നെവിട്ടു ദൂരവേയകലുന്നു.
ജന്മമാം മാനുഷർക്ക് ദീർഘനിദ്രയിൽനിന്നു-
ള്ളുണർവ്വാണീബാല്യമോതെളിയും പ്രഭാതമാം
ശുദ്ധിയുമാനന്ദവും മൂർത്തിമത്തായിട്ടമീ
യുത്തമം ബാല്യകാലം സ്വർലോകസമാവൃതം
ഭൌതികലോകത്തിൻെറ മധുരപ്രലോഭന-
കൈതവം കൈകാട്ടിയീശൈശവമാകർഷിപ്പൂ
കണ്ടകസമ്പൂർണ്ണമാം ഭവകാനനത്തിങ്കൽ
മണ്ടുന്നമനുജർതൻവൃത്തികൾ കണ്ടുബാലൻ
മതിയിൽമോദംപൂണ്ടു ലീലയാഗാനംമൂളി
സുകൃതിയനുകരിച്ചീടുന്നിതിവയെല്ലാം
വളരുംശിശുവിനെ സംസാരകാരാഗാരം
ഇളവെന്നിയേതൻെറ നീഴലാൽമൂടീടുന്നു
ജ്ഞാനമെന്നുള്ള വ്യാജനാമത്തിൽഭവമെൻെറ
മാനസേകടന്നെത്തി കട്ടുംകൈചെയ്തീടുന്നു.
കാന്തിയാംപൂന്തേനുണ്ണും നാവിന്നുവദനത്തിൽ
താന്തമായ്ഭവിച്ചയ്യോ! അറിവേ! ദൂരെപ്പോനീ
അറിവിൻവെളിച്ചമാണീവിധമെന്നുൾപ്പൂവിൽ
ദുരിതംചെത്തീടുന്ന കശ്മലകീടംപാർത്താൽ
ഏകനായകന്നുപോയ് ഞാനിന്നീയുലകിങ്കൽ-
മൂകനായ്ഭവിച്ചിതേസംസാരസാഗരത്തിൽ.
അഖിതസൌഭാഗ്യദപ്രാഭവപ്രകാശത്തിൻ
സഞ്ചയം, ബാല്യകാലം ഇന്നിനിദുരാപംമേ
പാവനമാനന്ദമാം പവനൻവീശീടുമാ-

ഷ്പ്പവനംവിട്ടുഞാനീമരുഭ്രവെത്തിച്ചേൻ
ചിന്താക്രാന്തിയാലുള്ളം താന്തമാക്കീടാതെത്ര
ജന്തുക്കൾസന്തോഷമായുലകിൽ ചരിയ്ക്കുന്നു
പാപപ്പാഴ്ക്കുഴികളിൽവീണുമിപ്പരതന്ത്ര-
പ്പാശമേററുന്മേഷവും ലഭിയാതിവൻമാത്രം
ഇഹത്തിൽസ്വർഗ്ഗത്തിൻെറ സാദൃശ്യംവഹിപ്പോരു
മഹത്താം ശൈശവത്തെയാശിച്ചുവലയുന്നു.

---


## അതിശയഫലം ചെയ്യുന്ന അത്ഭുതചികിത്സ.

വിഫലമെന്നു തെളിയിക്കുന്നവൎക്ക് 500 രൂപാ സമ്മാനം.

REGISTERED TRADE MARK:
MESSRS READY & CO.

**Messrs. REDDY & CO:,**
Gopalapuram P;O,
East Godavary Dist,

ഇരുപതാംനൂററാണ്ടിലെ അപൂൎവ്വമായ കണ്ടുപിടിത്തം. മാറാവ്യാധികൾപോലും സുഖപ്പെടുന്നു ഏതുതരത്തിലും സ്ഥിതിയിലും ഇരിക്കുന്ന പതിനെട്ടുവിധം കുഷ്ഠരോഗങ്ങളും പാണ്ഡു തുടങ്ങിയ മററെല്ലാ ത്വഗ്രോഗങ്ങളും ഞങ്ങളുടെ അത്ഭുതകരമായ ഔഷധം കൊണ്ടു് നിശ്ശേഷം സുഖപ്പെടുന്നതാകുന്നു. ഇതിനകം 40,000 രോഗികളെ സുഖപ്പെടുത്തിക്കഴിഞ്ഞു.

ഉഷ്ണപ്പുണ്ണു തുടങ്ങി ഉഷ്ണസംബന്ധമായ് എല്ലാ രോഗങ്ങളും, ഏതവസ്ഥയിലും സ്ഥിതിയിലുമായിരുന്നാലും അചിരേണ ഭേദപ്പെടുത്താവുന്നതാണു്.

ആൎത്തവസംബന്ധമായും ഗർഭപാത്രസംബന്ധമായും ഉള്ള എല്ലാ രോഗങ്ങളേയും അല്പകാലത്തിനകം നിശ്ശേഷം സുഖപ്പെടുത്താം.

അധികവിവരങ്ങൾക്ക് താഴെക്കാണുന്ന മേൽവിലാസത്തിൽ, ഇംഗ്ലീഷിൽ എഴുതുക.

Messrs. Reddy & Co., (Rega)
Gopalapuram Post,
(Via) Kottapata, East Godavary Dist.

# വള്ളിമാനപ്പെരുമാൾ.

(ടി. വി. അരയൻ, അഴീക്കൽ.)

സുകുമാരകലകളിൽ അതികുശലന്മാരായി ശോഭിച്ചിരുന്ന ബ്രാഹ്മണർക്കു പ്രാചീനകാലത്തു് രാജ്യഭരണകാൎയ്യങ്ങളിൽ അത്യധികമായ അഭിരുചി ഉണ്ടായിരുന്നില്ല. വിനോദസഹൃദയരെന്നു പുകഴ്പൊങ്ങിയിരുന്ന അവർ സാഹിത്യപോഷണത്തിൽ മാത്രം അതിരുകടന്ന ആസക്തി പ്രദർശിപ്പിച്ചുവന്നു. എങ്കിലും രാജ്യൈശ്വൎയ്യത്തെ വൎദ്ധിപ്പിക്കുന്ന വിഷയത്തിലും കുറഞ്ഞൊരു ശ്രദ്ധ സന്ദർഭാനുസരണം പതിപ്പിക്കാതെ അവർ ഇരുന്നില്ല. അക്കാലത്തു ഭരണസൌകൎയ്യത്തിനായി ഈ കേരളമണ്ഡലത്തെ പല തളികളായി വിഭജിക്കപ്പെട്ടിരുന്നു. ഓരോ വിഭാഗങ്ങളെയും ഭരിച്ചുകൊണ്ടിരുന്നതു 'തളിയാതിരികൾ' എന്ന ഉദ്യോഗസ്ഥന്മാർമുഖേന ആയിരുന്നു. സ്വദേശികളായ തളിയാതിരികളുടെ ഭരണം കാലാന്തരത്തിൽ പ്രയോജനകരമല്ലെന്നു കാണുകയാൽ പ്രസ്തുത ഭരണത്തോടു് സ്വദേശികൾക്കു അതിയായ വെറുപ്പുണ്ടായി. അക്കാലത്തെ കേരളീയരുടെ സാമുദായികവും രാഷ്ട്രീയവും ആയ സംഗതികൾ നിയന്ത്രിച്ചുകൊണ്ടിരുന്നതു് "കേരളസഭ" എന്നൊരു സ്ഥാപനം മുഖേനയായിരുന്നുവെന്നു കാണാവുന്നതാണു്. ആ സഭയുടെ നിർദ്ദേശപ്രകാരം പരദേശത്തുനിന്നും സമൎത്ഥന്മാരായ രാജാക്കന്മാരെ വരുത്തി ഒരുക്ലിപ്തകാലത്തേയ്ക്കു ഭരണം അവരിൽ സമൎപ്പിക്കുവാൻ തീർച്ചപ്പെടുത്തി. ഇക്കാലത്തു ദക്ഷിണഇൻഡ്യയിലെ സുപ്രസിദ്ധരാജ്യങ്ങളുടെ കൂട്ടത്തിൽ അത്യുച്ചസ്ഥാനം പ്രാപിച്ചിരുന്നതു പിന്നീടു വിജയനഗരസാമ്രാജ്യത്തിൽ ലയിച്ചുപോയ ഒരു രാജ്യമായിരുന്നു. കേരളസഭാസാമാജികന്മാർ പ്രസ്തുത രാജ്യത്തിലെ അധിരാജന്റെ അടുത്തെത്തി അവരുടെ അപേക്ഷ സമൎപ്പിച്ചു. അതുപ്രകാരം ആ രാജ്യത്തിന്റെ അന്തർഭാഗത്തുള്ള രാജകുടുംബങ്ങളിൽനിന്നും പന്ത്രണ്ടുകൊല്ലത്തേയ്ക്കു ഓരോ രക്ഷാപുരുഷന്മാരെ അയച്ചുകൊടുക്കാമെന്നു കരാറുചെയ്തു. ഒരു രാജകുടുംബത്തിൽനിന്നും ഒന്നിലധികം തവണ ആരെയും തെരഞ്ഞെടുക്കുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിരുന്നു.

അഭിജ്ഞന്മാരായ സ്വദേശികളുടെ നിർദ്ദേശപ്രകാരം പെരുമാക്കന്മാരുടെ ഭരണം കേരളത്തിൽ ആരംഭിച്ചു. അവരിൽ ആറാമത്തെ പെരുമാളായിരുന്നു ഈ ലേഖനവിഷയമായ വള്ളിമാനപ്പെ

രുമാൾ. ഈ പുരുഷപുംഗവനാണുപോലും ഇസ്ലാംമതം സ്വീകരിച്ചു മക്കത്തുപോയി മൃതിയടഞ്ഞതെന്നു ചില മുസ്ലിം ചരിത്രകാരന്മാർ ഉച്ചൈസ്തരം ഉൽഘോഷിക്കുന്നു. “അക്ബർഷാഹുഖാൻ ഉറുഡുഭാഷയിൽ എഴുതീട്ടുള്ള അയി നാഥക്കീക്കത്തു്” എന്ന ചരിത്രത്തിലും “അബ്ബൂൾകാസിം ഫ്രഷിയാ പെർഷ്യൻ”ഭാഷയിൽ എഴുതീട്ടുള്ള ചരിത്രത്തിലും ആണു് പ്രസ്തുത കഥാഭാഗം അടങ്ങിയിരിക്കുന്നതു്.

കഥാസാരം:—പണ്ഡിതവരേണ്യനായ വള്ളിമാനപ്പെരുമാൾ ജ്യോത്സ്യത്തിൽ അതിനിപുണനായിരുന്നു. ഒരിക്കൽ ചന്ദ്രബിംബം പൊട്ടിപ്പിളർന്നതായി അദ്ദേഹം കണ്ടു. ആകസ്മികമായി പ്രത്യക്ഷപ്പെട്ട ആ വിശേഷസംഭവത്തെ പെരുമാൾ ഉടൻതന്നെ സർക്കാർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടു. ആ രേഖയാണു് പില്ക്കാലം ഹരിശ്ചന്ദ്രചേരമാൻപെരുമാളെ മുഹമ്മദുമതാവലംബിയാക്കിയതെന്നും പ്രസ്താവമുണ്ടു്. എന്നാൽ ഈ വിധമൊരു സംഭവമുണ്ടാവാനുള്ള ഹേതുവെന്തെന്നു അദ്ദേഹം അനേകം ജ്യോത്സ്യന്മാരുടെ സഹായത്തോടുകൂടി ഗണിച്ചുനോക്കി. ആ അത്ഭുതസമയം അറബിദേശത്തു ഒരു ദിവ്യാവതാരമുണ്ടായെന്നും അതു ഇസ്ലാംമതം സ്ഥാപിക്കുവാനുള്ള മുഹമ്മദുനബിയാണെന്നും വെളിവായി. പിന്നീടു സത്യപ്രതിപാദകമായ ആ ഇസ്ലാംമതം സ്വീകരിക്കുവാനുള്ള തിടുക്കംകൊണ്ടു് ഭാജ്യഭരണം കൈവെടിഞ്ഞു മക്കത്തേക്കുപോയി മതം സ്വീകരിച്ചുവെന്നും അവിടെവച്ചുതന്നെ മൃതിയടഞ്ഞുവെന്നും മററുമാണു് മതപ്രണയികളായ പ്രസ്തുത മുസ്ലീം ചരിത്രകാരന്മാരുടെ അഭിപ്രായം. ഇതു കേവലമൊരു കെട്ടുകഥയാണെന്നു് ഇതിനടിയിൽ കുറിക്കുന്ന സംഗതികൾകൊണ്ടു വ്യക്തമാകും.

ആദ്യത്തെ പെരുമാളായ കേയപ്പെരുമാൾ എ. ഡി. 216-ൽ ആണു് കേരളഭരണം കയ്യേററതു്. എട്ടുകൊല്ലം രാജ്യംഭരിച്ചതിന്റെ ശേഷം രാജസ്ഥാനത്തിരുന്നതന്നെ അദ്ദേഹം മൃതിയടഞ്ഞു. അനന്തരം ശ്രീരാഘവചക്രവർത്തി ഇവിടെ ഭരണാധികാരിയായി വന്നുചേർന്നു. ഒരു വ്യാഴവട്ടക്കാലംവരെ അദ്ദേഹം ഭരണം നടത്തീട്ടു് സ്വദേശത്തേയ്ക്കു തിരിച്ചുപോയി. പിന്നീടു് അന്തകസദൃശനെന്നു കുപ്രസിദ്ധി സമ്പാദിച്ച ബാണാസനനായിരുന്നു രാജാവായിത്തീർന്നതു്. ഇദ്ദേഹം ഒരു തന്നിഷ്ടക്കാരനും മഹാക്രൂരനും കൂടി ആയിരുന്നു. അതിനും പുറമേ ലമ്പടവൃത്തിയും മുന്നിട്ടുനിന്നിരുന്നു. ഈ ബാണാസനപ്പെരുമാളിന്റെ തോന്ന്യാസവൃത്തികൾ കേരളമണ്ഡലക്കാർക്കു അശേഷം പിടിച്ചില്ല. ആറാംകൊല്ലത്തിന്റെ അവസാനം ശത്രുക്കളാൽ ബാണാസനൻ വധിക്കപ്പെട്ടു.

പിന്നീട്ട കുറേക്കാലത്തേയ്ക്കു സ്വദേശിഭരണംതന്നെ നടന്നു. എങ്കിലും മുൻ നിശ്ചയമനുസരിച്ച സ്ഥാണുരവിഗുപ്തൻ രാജ്യഭാരം കയ്യേറ്റുവന്നു. ഇദ്ദേഹം തൻെറ ഭരണകാലത്തു ക്രിസ്ത്യാനികളോടു വളരെ സൌഹാർദ്ദമായി പെരുമാറിയിരുന്നതായി കാണുന്നുണ്ട്. അദ്ദേഹം അവൎക്കൊരു ചെമ്പേട്ടുകൊടുത്തു. പിന്നീട് സുപ്രസിദ്ധനായ "ഭാസ്കരരവിവൎമ്മ"ൻ രാജസ്ഥാനം അലങ്കരിച്ചു. നിയമപ്രകാരം 12-കൊല്ലം കഴിഞ്ഞിട്ടും പൊതുജനങ്ങൾ അദ്ദേഹത്തെ ഒഴിച്ചുവിട്ടില്ല. 50-ൽപരം കൊല്ലം ഇവിടെ ഭരിച്ചു. നാല്പതാമാണ്ടിലാണ് ആ ദീർഘഭരണത്തിന് പൂൎണ്ണവിരാമം ഇട്ടത്. ഈ ഭാസ്കരരവിവൎമ്മൻെറ കാലത്തായിരുന്നു യഹൂദന്മാർ കേരളക്കരയിൽ പ്രബലന്മാരായി ഭവിച്ചത്. ആ പ്രബലന്മാരിൽ പ്രമാണി "ഈസപ്പ് റപ്പാൻ" എന്ന വൎത്തകനായിരുന്നു. ഈ വൎത്തകനു രാജസന്നിധിയിൽനിന്നും ഒരു ചെമ്പുപട്ടയം സിദ്ധിച്ചതായി കാണുന്നു. അതിൽ "പകൽ വിളക്കുവെയ്ക്കുക, കുടപിടിക്കുക, പല്ലക്കിൽ സഞ്ചരിക്കുക, കല്യാണപ്പന്തൽ അലങ്കരിക്കുക" എന്നിങ്ങനെ പലതും വിവരിച്ചിട്ടുണ്ട്. ഈ പട്ടയത്തിലെ കൈയ്യെഴുത്തുകാരൻ തലശ്ശേരിക്കാരൻ ഒരു കേളപ്പനാണെന്നും കാണുന്നു. ആദ്യം മതപരിവൎത്തനംചെയ്തുവെന്നു മുഹമ്മദീയചരിത്രകാരന്മാരാൽ പ്രതിപാദിക്കപ്പെടുന്ന വള്ളിമാനപ്പെരുമാളാണ് അനന്തരകാലം ഇവിടെ അധിരാജനായി ശോഭിച്ച മഹാൻ.

ഈ പെരുമാൾ ഇതരപെരുമാക്കന്മാരിൽനിന്നും വളരെ വ്യത്യസ്തമായ വംശത്തിൽ ചേൎന്ന പാണ്ടിക്കാരനായിരുന്നു. ഇദ്ദേഹം ഒരു മഹാബുദ്ധിമാനും ഭരണതന്ത്രകുശലനും ഒരു ദൈവഭക്തനും ആയിരുന്നുവെന്നു കാണാവുന്നതാണ്. വിദേശികളായ പല കച്ചവടക്കാൎക്കും ഇദ്ദേഹം ഗണ്യമായ അനവധി സഹായങ്ങൾ ചെയ്തുകൊടുത്തു. അക്കാലം ഇവിടെ കച്ചവടംചെയ്തുകൊണ്ടിരുന്നവർ ചീന, അറബി, സിലോൺ മുതലായ അന്യരാജ്യക്കാരായിരുന്നു. ആ രാജ്യങ്ങളിൽ വള്ളിമാനപ്പെരുമാളിൻെറ കീൎത്തിപ്രഭ വിശേഷവിധിയായി വീശിത്തുടങ്ങി. ഇക്കാലത്തു ബുദ്ധമതക്കാരും കേരളത്തെ ഒരു സങ്കേതസ്ഥാനമാക്കി മതപ്രചരണവൃത്തികൾ ചെയ്തുവന്നു. ഈ മതപ്രാസംഗികന്മാൎക്ക് വള്ളിമാനപ്പെരുമാൾ പല നല്ല സഹായങ്ങളും ചെയ്തുകൊടുത്തു. ബുദ്ധമതക്കാൎക്ക് സാനുമോദം ചെയ്തുകൊടുക്കുന്ന സഹായസഹകരണങ്ങൾ കണ്ടു സനാതനികളായ ബ്രാഹ്മണൎക്ക് അസഹ്യമായ വൈരാഗ്യമുണ്ടായി. യാഥാസ്ഥിതികന്മാരായ സനാതനികൾ പരദേശത്തു

ചെന്നു് അതിസമർത്ഥന്മാരായ താർക്കികന്മാരെക്കൊണ്ടുവന്നു് ബുദ്ധമതക്കാരുമായി വാദപ്രതിവാദം നടത്തിത്തുടങ്ങി. പ്രസ്തുത വാദസമരത്തിൽ ബുദ്ധമതക്കാർ തല്ക്കാലം തോററുപോകയാണുചെയ്തതു്. ഈ പരാജയത്തോടുകൂടി കേരളയോഗക്കാർ വള്ളിമാനപ്പെരുമാളെ സ്ഥാനഭ്രഷ്ടനാക്കി. എന്നാൽ ഉടനേതന്നെ അദ്ദേഹത്തെ കേരളത്തിൽനിന്നും ഓടിച്ചുകളഞ്ഞില്ല. തൃക്കാരിയൂർ എന്ന സ്ഥലത്തു് ഒരു കൊട്ടാരം പണിയിച്ചു വേണ്ടത്ര സുഖസൌകൎയ്യങ്ങളോടുകൂടി അവിടെ താമസിപ്പിച്ചു. അപമാനജനകമായ ഒരു ജീവിതത്തിൽ അദ്ദേഹത്തിന്നു് അശേഷം ഇഷ്ടമുണ്ടായില്ല. ഉടനേതന്നെ അദ്ദേഹം ബുദ്ധമതം സ്വീകരിച്ചു് തൽപ്രചരണാർത്ഥം സിലോൺ, ചീന മുതലായ ദേശങ്ങളിലേക്കു പുറപ്പെട്ടുപോയി. ഈ പ്രശസ്തന്റെ ഭരണം 400-നും 500-നും ഇടയ്ക്കുള്ള ഒരു കാലഘട്ടമാണെന്നു് ഇപ്പോൾ പ്രത്യക്ഷമായല്ലോ. ഇദ്ദേഹത്താൽ സ്ഥാപിതമായ ഒരു വംശമാണ് പന്തളംരാജകുടുംബം എന്നും അറിയപ്പെട്ടുപോകുന്നു.

ഇസ്ലാംമതസ്ഥാപകനായ മുഹമ്മദ് നിബിയുടെ ജനനം ഏ. ഡി. 570 ൽ ആയിരുന്നുവല്ലോ. ആ പുണ്യപുരുഷന്റെ ജനനത്തിനുപോലും വളരെമുൻപു ചരമഗതിയെ പ്രാപിച്ച വള്ളിമാനപ്പെരുമാളെ സംബന്ധിച്ചു് ഇപ്രകാരമുള്ള ഒരപവാദത്തിന്നു ഹേതുവെന്തായിരിക്കാം ? ബുദ്ധമതം സ്വീകരിച്ചതിന്നുശേഷമുള്ള പെരുമാൾചരിത്രം അജ്ഞാതമായിരിക്കുന്നതേയുള്ളു. ആ നിലയ്ക്കു വാദസാഫല്യത്തിന്നും കാൎയ്യസാദ്ധ്യത്തിന്നുംവേണ്ടി തൽസംബന്ധമായി ചില മുടന്തൻന്യായങ്ങളോടുകൂടി എന്തും പറയാമല്ലോ. അനന്തരഗാമിയായ ഹരിശ്ചന്ദ്രചേരമാൻപെരുമാൾ മുഹമ്മദുമതം സ്വീകരിച്ചതിനെ സംബന്ധിച്ചു പിൽക്കാലം പല അപവാദങ്ങളും ജനതാമദ്ധ്യത്തുണ്ടായി. ബുദ്ധമതം സ്വീകരിച്ചുവെന്നു ഹിന്ദുക്കളും അതല്ല മുഹമ്മദുമതം സ്വീകരിച്ചുവെന്നു മുഹമ്മദീയരും വാദിച്ചുതുടങ്ങി. ആ വാദത്തിന്റെ പ്രാബല്യത്തിന്നുവേണ്ടി ഇപ്രകാരമൊരു കെട്ടുകഥ ചേൎത്തുവെന്നു വിചാരിക്കുവാനാണ് ന്യായം കാണുന്നതു്. വള്ളിമാനപ്പെരുമാളിന്റെ നേരേ അനന്തരഗാമിയായ മയൂരപ്പെരുമാൾ ഏ. ഡി. 500-ാമാണ്ടിലാണ് രാജ്യംഭരിച്ചിരുന്നതെന്നു ചരിത്രം സാക്ഷീകരിക്കുന്നു. അതുകൊണ്ടു വള്ളിമാനപ്പെരുമാൾ ബുദ്ധമതമാണു സ്വീകരിച്ചതെന്നു് ഇതിനാൽ വ്യക്തമാകുന്നുണ്ടല്ലോ.

---

# * മഹാബലിചരിതം പാട്ട്.

(പഴയകൃതി.)

(സമ്പാദകൻ, പനച്ചിക്കൽ എൻ. രാമൻപിള്ള, അയിരൂർ.)

അമ്പിളിയരവം മതിചൂട്ടമരൻ കരിയുടെവടിവുപൂണ്ടു്
അംബികയുമുടൻ പിടിവേഷമണിഞ്ഞിരുവരുമാദരവോടെ
ഇമ്പമൊട്ടുനടന്നടവിയിലെങ്ങും കനികളുമുണ്ടു്
ഇഷ്ടമൊട്ടുപുണർന്നു ജനിച്ചുമപ്പെററാരുമകനാനമുകത്തോൻ
അമ്പിനൊടരുൾചെയ്യതിനടയവൽ വൻകനികളെവച്ചുതൊഴു
(ന്നേൻ

ആദരവൊട്ടുവാരിനിവന്നുതിരുമനതാരുതെളിഞ്ഞു
തുമ്പമൊടെയൊഴിച്ചു് ആവണിഓണക്കഥചൊൽവാൻ
സുഖമൊട്ടുമൂഷികനുടെ മുതുകിലിരുന്നരുളും ബാലഗണേശ
പാദാരമിതാതൊഴുതടിയൻ ആനന്ദരസാൽകഥപുകഴ്‌വാൻ.
പാൽമൊഴിയെ പഞ്ചരസംപൊഴിയും കവിതന്നിടുവായോ
വേദാന്തത്തിനുകാതലിയെ! വെള്ളനിറത്തീ കാർകുഴലീ!
പൈന്താമരമീതിലിരുന്നരുളുവോളെ!യരനുടെ രസിയാളെ
ഇന്ദ്രാദികളായജനങ്ങളും ഈശനുമയും മാലയനും
ഋഷികൾമുനിമാർവേദവ്യാസൻ കവിരാജപുലസ്ത്യൻ
ചന്ദ്രാദിത്യാദിഗ്രഹനക്ഷത്രങ്ങൾ മഹാഗണിതന്മാർ
ചന്തമൊടിവരെയേവരെയും തൊഴുതേനടിയൻകഥപുകഴ്വാനായ്
വാരണനിശിവാജിരഥാലയവും മരുതകനിലയും
വണ്ടാട്ടംപൂഞ്ചോലകളിലാപണികൾ കിണറുകുളങ്ങൾ
കല്ലാകിയമാണിക്കം നവരത്നംവിളയും ഭുവനികളു്
കനകക്കുന്നുകളും കനകാലയവും കനകാനഗരികളു്
ഏടൊട്ടുകുടയും പുസ്തകവുംമാറ്വിൽ ഹരിനൂലുധരിച്ചു്
തിരുമുമ്പിൽഹിതത്തൊട്ടുചെന്നു പണിന്തുരചെയ്താൻ മുകിൽ
(വണ്ണൻ

---

* ഈ പാട്ടു് പാണന്മാർ ചിങ്ങമാസത്തിലെ ഓണദിവസങ്ങളിൽ മാളോരുടെ പടിക്കൽ ചൊല്ലി പാടിവരുന്നവയാണ്. മഹാബലിചരിതം അനേകം പാട്ടുകൾ അവക്ക് അറിയാവുന്നതുമാണ്. അതിൽ രണ്ടുപാട്ടു മാത്രം മാതൃകയ്ക്കു് എഴുതസൂക്ഷിച്ചിരുന്നതു് ഇപ്പോൾ പ്രസിദ്ധംചെയ്യുന്നതാകുന്നു. (സമ്പാദകൻ.)

മഹിഷന്നാമാവേലിരാജാ! മാനസനെ ധൎമ്മമണാളാ!
മാനിഭമൊട്ടരക്ഷകൾചെയ്ത ജഗത്രയനാഥാ നൃപവരനെ!
അററടിയാൾവന്നിവിട്ടത്തേ രാജാവോടൊന്നറിയിപ്പാൻ
ഇമ്പമതായ് മൂന്നുചുവട്ടടി മണ്ണുതരേണം നൃപവരനെ
തരുവാനിതിനൊരുകുറവില്ല ദാനമിയററണ്ടുവതിന്നു്
സങ്കടമില്ലൊരുനാളെക്കൊയടക്കിവസിച്ചെന്നാൽ മതിയോ?
ഒരുനാളുമെനിക്കമൂവടിയല്ലാതെയൊട്ടുംവേണ്ടാ
ദാത്തൊരുകാലം വൈകാതെയുഴറിതരുകെന്നുപണിന്തു്
ഋഷികേശവനുംദപ്പ്യകൊണ്ടു കിണ്ടിയതിൽ ചാണ്ടിയനേരം
ഇടരൊട്ടുകൊണ്ടുടനെശ്ശുക്രന് നയനമതിങ്കൽനീരൊഴുകി
വീണാരൊശ്ശുക്രനുടെ കൺപൊട്ടിയനീരവനിയിലപ്പോൾ
നിൎണ്ണയമായ്മാധവനാത്രെ ഈരേഴുലകത്രയമത്രേ
അഴിവൎണ്ണനൊടരുളിമൂവടി ദാനമതൊണ്ടാണ്ടിലൊരിക്കൽ
മാധവനെഇനിയടിയൻ വിടകൊള്ളുന്നിനിമറുകരയിൽ
തിരുനാളൊട്ടുയാത്രയുമേകിയനുജ്ഞപാദത്തൊട്ടുകൂടി
ദൈവതമൊടെമറുകരമേൽ ചെന്നുപുകിന്തു്.

---

## II.

ഹരിയാകിയനാരായണനുടെ ചരിതാമൃതമിതിലൊരുഭാഗം
ഹരിയാകിയൊരിന്ദ്രനുടെ പദഹരിയാകിയമാവേലിമുന്നം
പരിപാലനചെയ്തരുളുന്നൊരു കരുണാകരപാദസരോജെ
കരുതീടുകനല്ലയിതെന്നിട്ടൊരുപോലലയാഴിമദ്ധ്യേ
വിരവോടഥയണഞ്ഞുവണങ്ങി പരിതാപമോടെയുരചെയ്തു്
ഹരിനാരായണകരുണാകരപരമാനന്ദാ ഝൂധിയെജ്ജയ
ശരണാഗതവത്സലനെ നിൻശരണമതല്ലാതില്ലാരും
താനാദരവോട്ടുമതിന്നൊരു പുഞ്ചിരിതൂകീട്ടരുൾചെയ്തു്
കോനാകിയതിരുമാർതന്നുടെ തേനിയലിനവാണികൾകേട്ടാൽ
മാനവരുംതൊഴുതറിയിച്ചസ്ഥാനവിനാശങ്ങളെയെല്ലാം
അനനവാസികളായിവന്നിട്ടു് ഞങ്ങളുമഖിലേശാപോററീ
കാരുണ്യപരയാനിധിയെ കമലാപതിയെകാത്തരുളേണം
ഇത്ഥംദേവകളുരചെയ്തതിന്നുത്തരമരുളീമുകിൽവൎണ്ണൻ
വമ്പനതാംമാവേലിതന്നുടെ മുമ്പിലെഴുന്നെള്ളിഭഗവാൻ
ദണ്ഡുംതിരുമെഖലയും പൂണിനൂലും വടിയുംകൊണ്ടുടനെ
ഉണ്ണിയിവൻദിവ്യനിതെന്നതിൽ ഏററുവണങ്ങി പൂജിച്ചു്
ഏററിയസന്തോഷത്തൊട്ടു പറഞ്ഞുവൈരോചനിയപ്പോൾ

ഏറെമുതിൎന്നിന്നിവിടത്തിനെഴുന്നെള്ളിയ കാരണമെന്തു്
കാരണമറിയാമഖിലത്തിന്നു് കാരണമച്യുതനവിടെ
പാരിൽനിന്നക്കൊത്തവിടത്തിലളന്നീട്ടു മൂവടിയെന്നു്
മൂവടിയാമതിനെയളപ്പാൻ മുതിൎന്നൊരുശേഷം
മൂവുലകിൽനിറഞ്ഞൊരുശേഷം കണ്ടമരകൾ സന്തോഷിച്ചു്
ചൊല്ലിയതുതരാഞ്ഞതിന്നിവനെ ശോഭകെടുത്തീട്ടന്നുണ്ടെ
കല്യാണകലൻ്റടനെപിടിപെട്ടുടനെ കെട്ടുകയെന്നു്
അല്ലൽമുഴുത്തന്നമഹാബലിയഖിലേശനൊ രുത്തുപറഞ്ഞു
ചൊല്ലിയതെല്ലാം കേൾക്കാമേ ശോഭകെടുത്തിടൊല്ലെ
ദേവകളും പൂവൎഷിച്ചുവണങ്ങിയുടൻ സ്വൎഗ്ഗം പുക്കു്
ദേവകളുടെതാപംതീൎത്തുടനലയാഴിപുകുന്തിതു ഭഗവാൻ
ദേവനെയടിതൊഴുതിതുമാവെലി തിരുവുള്ളം ചെയ്തതഴകോടെ
ദൈവതയൊടുതവബലമൊടെമറുകരമേൽ ചെന്നുപുകുന്നു്.

---

## ചൈതന്യൻ.

---

(എൻ. ബാലചന്ദ്രൻ)

പൌരാണികമായ അദ്ധ്യാത്മപ്രഭാവത്തിൻെറ ശാശ്വതമായ നിലനില്പിനുവേണ്ടി ഈശ്വരാവതാരമെന്നു വിശ്വസിക്കപ്പെട്ടുപോരുന്ന മഹാന്മാർ അടിക്കടി ജനിക്കുന്നതു് ഭാരതത്തിനുമാത്രമുള്ള പ്രത്യേകാനുഗ്രഹമാണു്. ഭാരതചരിത്രത്തിൽ ഈദൃശരായ പുണ്യാത്മാക്കളുടെ നാമങ്ങൾ തങ്കലിപികളിൽ ലേഖനം ചെയ്യപ്പെട്ടിട്ടുണ്ടു്. ബുദ്ധൻ, ചൈതന്യൻ, നാനാക്കു്, മദ്ധ്വാചാൎയ്യർ, ശങ്കരാചാൎയ്യർ, രാമകൃഷ്ണൻ, വിവേകാനന്ദൻ എന്നീ നാമങ്ങൾ സുപരിചിതങ്ങളാണല്ലോ. വൈഷ്ണവമതസ്ഥാപകനായ ചൈതന്യൻ ഈ മഹത്സദസ്സിൽ അദ്വിതീയസ്ഥാനം തന്നെയാണു് സമാൎജ്ജിച്ചിട്ടുള്ളതു്.

ചൈതന്യൻ എന്ന നാമത്താൽ അനന്തരകാലത്തിൽ പ്രസിദ്ധനായിത്തീൎന്ന നിമായി ബംഗാളിലെ നവദ്വീപത്തിൽ ൧൪൮൬-ൽ ജാതനായി. ജഗന്നാഥമിശ്രൻെറയും ശചീദേവിയുടെയും വാത്സല്യഭാജനമായ ഈ കുമാരൻ സുഭഗതയോടെ വളൎന്നുവന്നു. ഈ ബ്രാഹ്മണകുടുംബത്തിന്നു് ധനസ്ഥിതിയിൽ വലിയ മെച്ചമുണ്ടായിരുന്നില്ല; എന്നുവരികിലും, നിഷ്കളങ്കമായ കുലീനതയും യശോവൈമല്യവും ഒരു മതിയായ സമ്പത്തുതന്നെയായിരുന്നു. ഈ സൽ

കീർത്തിയെ കാത്തുരക്ഷിക്കുന്നതിൽ സദാ ജാഗരൂകരായ മാതാപിതാക്കന്മാരുടെ ശിക്ഷണം ഈ ബാലന്റെ ഭാവിക്ക് മംഗലദായകമായി പരിണമിച്ചു. എന്നാൽ ദുർദ്ദശാപരിപാകത്താൽ നിമായിയുടെ ബാല്യവയസ്സിൽതന്നെ പിതാവു മരിച്ചുപോയി. തന്നിമിത്തം നിമായിയെ സംരക്ഷിക്കേണ്ട ഭാരം ശചീദേവി തനതായി ഏൽക്കേണ്ടിവരികയും ചെയ്തു.

ഈ ഭാരത്തെ ഗുരുതരമാക്കത്തക്കവിധത്തിൽ നമ്മുടെ കഥാപുരുഷൻ സാഹസികനായും താന്തോന്നിയായും വളൎന്നുവന്നു. പക്ഷെ, അന്നുതന്നെ നിമായിയിൽ തെളിഞ്ഞുകണ്ട പ്രതിഭാഗുണവും അസാധാരണമായ ബുദ്ധിശക്തിയുംമൂലം സകലരും ആശംസിതരായി. തക്കകാലത്തുതന്നെ ബാലനെ എഴുത്തിനിരുത്തുകയും, താമസിയാതെ ഗംഗാദാസിന്റെ മേൽനോട്ടത്തിലാക്കുകയും ചെയ്തു. യഥാകാലം നിമായി ഗുരുവിന്റെ പ്രീത്യനുഗ്രഹങ്ങൾ സമ്പാദിച്ച് അദ്ധ്യയനം പൂർത്തിയാക്കി. പക്ഷെ ഈ വിരാമം കഥാപുരുഷനെ അലസനാക്കിയില്ല. സ്വന്തപരിശ്രമംകൊണ്ട് അദ്ദേഹം ശാസ്ത്രപഠനം തുടൎന്നു. തൽഫലമായി നിമായി അന്നത്തെ പണ്ഡിതസദസ്സിൽ താമസിയാതെ ഒരു ഉയൎന്നസ്ഥാനം കവൎന്നു. മതപരമായ വാദപ്രതിവാദങ്ങളിൽ അദ്ദേഹം വെളിപ്പെടുത്തിയ ആസക്തിയും പാണ്ഡിത്യവും സകലരേയും വിസ്മയിപ്പിച്ചു. പ്രസിദ്ധവിദ്വാനായ പണ്ഡിതകേശവദിഗ്വിജയിയെ അദ്ദേഹം വാദത്തിൽ തോല്പിച്ചതു് ഇതിനു ഉത്തമദൃഷ്ടാന്തമാണു്.

അക്കാലത്തിൽ, പിതാവിന്റെ മരണക്രിയകൾ സംബന്ധിച്ച് നിമായിക്ക് ഗയയിൽ പോകേണ്ടതായിവന്നു. അവിടെവച്ച് അദ്ദേഹം 'ഈശ്വരപുരി'യെന്ന സന്ന്യാസിപ്രവരന്റെ പരിചയവും ശ്രദ്ധയും സമ്പാദിച്ചു. അദ്ദേഹത്തിൽനിന്നും നിമായി വൈഷ്ണവസിദ്ധാന്തങ്ങൾ സമഗ്രമായി പഠനംചെയ്യുകയും അതിൽ ലീനചിത്തനാകുകയും ചെയ്തു. നിമായിയുടെ കുടുംബത്തിൽ പണ്ടുമുതൽക്കുതന്നെ ഒരുവക മതഭ്രാന്തു വേരുറച്ചിരുന്നു. അദ്ദേഹത്തിന്റെ ജ്യേഷ്ഠനായ 'വിശ്വരൂപൻ' ഇതിനുമുൻപുതന്നെ സന്ന്യാസം സ്വീകരിച്ചിരുന്നു. ഈ ഒരു വികാരം ക്രമാതീതമായി വളൎന്നതിന്റെ ഫലമായി തന്റെ ൨൪-ാംവയസ്സിൽ നമ്മുടെ കഥാപുരുഷൻ സന്ന്യാസിയായി ലോകത്തിലേക്കിറങ്ങി.

നവദ്വീപംവിട്ടു നിമായി പുരിയിൽ എത്തി കുറേക്കാലം അവിടെ താമസിച്ചു. അനന്തരം തീൎത്ഥാടനത്തിനു പുറപ്പെട്ട അദ്ദേഹം പ്രധാനപ്പെട്ട സകല പുണ്യസ്ഥലങ്ങളിലും താമസിച്ച് സ്വമതപ്രചരണം നടത്തി. ഭക്തിയും പ്രേമവുംകൊണ്ടു മാത്രമേ ദൈ

വത്തെ പ്രാപിക്കുവാൻ സാധിക്കുകയുള്ളു എന്നും ജാതിവ്യത്യാസം, വണ്ണവ്യത്യാസം എന്നിവ വെറും മിഥ്യാഭ്രമമാണെന്നും അദ്ദേഹം പ്രസംഗിച്ചു. ഈ പാവനഗീതങ്ങൾ എല്ലാവരേയും ബലാലാകർഷിച്ചു. അദ്ദേഹത്തിന് ധാരാളം ശിഷ്യന്മാർ കിട്ടിത്തുടങ്ങി. ഭൌതികകാൽകഷ്ടത്തിനുവേണ്ടി മത്സരബുദ്ധിയോടെ പൊരുതുകൊണ്ടിരിക്കുന്ന ജനസഞ്ചയത്തിന് സഹിഷ്ണുതാപരമായ ഈവക വിചിന്തനങ്ങൾ സമാശ്വാസദമായിരുന്നു. ഖണ്ഡനപരമായ വിമർശനങ്ങൾ അദ്ദേഹത്തിന് അധികമായി തരണംചെയ്യേണ്ടിവന്നില്ല എന്നുള്ളതു് അപൂർവ്വാനുഗ്രഹം തന്നെയായിരുന്നു. തന്റെ പ്രയാണമാർഗ്ഗത്തിൽ ക്ലേശബാഹുല്യം അദ്ദേഹത്തെ വലുതായി വിഷമിപ്പിച്ചിരുന്നില്ല.

നമ്മുടെ കഥാപുരുഷന് താമസിയാതെ ചൈതന്യൻ എന്ന നാമം സിദ്ധിച്ചു. ശാന്തഗുണപ്രധാനവും ദിവ്യവുമായ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ സംസ്കൃതമാനസരേയും ഉന്മത്തരേയും ഒരുപോലെസ്പർശിച്ചു. കേവലം ആഭാസന്മാരായി ജീവിതംനയിച്ചിരുന്നവർകൂടിയും അദ്ദേഹത്തെ അനുഗമിക്കുവാൻ തുടങ്ങി. ഈ ശിഷ്യഗണത്തിൽ അന്യമതക്കാരും ഉണ്ടായിരുന്നു എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്. അദ്വൈതാചാര്യരായ പ്രകാശാനന്ദൻ, ബംഗാൾ രാജാവിന്റെ മന്ത്രിമാരായ രൂപൻ, ശാന്തൻ, നിത്യാനന്ദൻ, സനാതനൻ, ഹരിദാസ്, ഒറീസ്സാമഹാരാജാവു് എന്നിവരും അദ്ദേഹത്തിന്റെ ശിഷ്യപ്രധാനരായിരുന്നു. ശ്രീകൃഷ്ണന്റെ അവതാരമായിട്ടാണ് ചൈതന്യനെ കരുതിപ്പോരുന്നതു്. അദ്ദേഹം പ്രചരിപ്പിച്ച വൈഷ്ണവമതം ബംഗാളികൾ ജീവിച്ചിരിക്കുന്നിടത്തോളംകാലം നിശിക്കുന്നതല്ല.

---

## * ചന്ദ്രിക.

(എം. കേശവപിള്ള.)

ചന്ദ്രിക ഒരു ഭാഗ്യമുള്ള പെൺകിടാവെന്നു ആ ഗ്രാമക്കാർ സാധാരണ പറയാറുണ്ടായിരുന്നു. എന്തെന്നാൽ അവൾ നന്നേ ചെറുപ്പത്തിലെ പതിസമ്പ്രാപ്യയായിരുന്നു.

നളിനീകാന്തൻ ചന്ദ്രികയെ വിവാഹംകഴിച്ചതു ഒരു പ്രത്യേകതരത്തിലാണ്. ബംഗാളത്തിലെ നാട്ടുനടപ്പനുസ്സരിച്ചു നളിനീ

* ഒരു ബംഗാളിയ സുനന്ദാദേവി എഴുതിയതു്.

കാന്തനു നല്ലൊരുതുക സ്ത്രീധനമായി ലഭിക്കുമായിരുന്നു. എന്നാൽ പരിഷ്ക്കാരിയും ഉല്പതിഷ്ണുവുമായ ആ യുവാവു ഒരു പൈപോലും സ്ത്രീധനം പററാതെതന്നെ ദരിദ്രസന്താനമായ ചന്ദ്രികയെ വരിച്ചു. ഈ അസാധാരണനടപടിയെയാണു് ഒരു പരിഷ്കാരവും ചന്ദ്രികയുടെ മഹാഭാഗ്യവുമായി സാധാരണ വാഴ്ത്തപ്പെട്ടുപോന്നതു്.

ഉമയ്ക്കു പുത്രൻെറ ഈ നടപടി ഒട്ടുംതന്നെ രസിച്ചില്ല. അവർ നളിനീകാന്തനെ ഒട്ടേറെ ശകാരിക്കയും പലവിധത്തിൽ കുററപ്പെടുത്തുകയും ചെയ്തു. സ്നുഷയോടു വളരെനാൾ സംസാരിക്കാതെ തന്നെ ഉമ കഴിച്ചുകൂട്ടി. ഒടുവിൽ തൊട്ടതിനും പിടിച്ചതിനുമൊക്കെ സ്നുഷയെ കുററപ്പെടുത്തുക എന്ന കൃത്യം അവർ നിരന്തരം അനുഷ്ഠിച്ചുവന്നു. ചന്ദ്രിക വളരെ സൗന്ദര്യമുള്ളവളും സൽസ്വഭാവിനിയുമാണു്. അവൾക്കു ഈ രണ്ടു വിശിഷ്ടഗുണങ്ങൾമാത്രമേ സ്വത്തായുണ്ടായിരുന്നുള്ളു.

പാവപ്പെട്ട ചന്ദ്രിക ഭർത്തൃഗൃഹപ്രവേശം ചെയ്തതുതന്നെ ഏതോ ഒരു ദുർമുഹൂർത്തത്തിലായിരുന്നു. അവളുടെ വരവിൻെറ പതിനാറാംദിനം നളിനീകാന്തൻെറ കനിഷ്ഠസഹോദരൻ മൃതിപ്പെട്ടു. കൽക്കത്തയിൽവച്ചു് ഒരു മോട്ടാറപകടം മൂലമാണു് ആ സംഭവം ഉണ്ടായതു്. എന്നാൽ ഉമ അതിനെ വ്യാഖ്യാനിച്ചതു ഇങ്ങനെയായിരുന്നു. "നശിച്ചപെണ്ണു വീട്ടിൽ കാലെടുത്തു കുത്തി. നശിപ്പാനും തുടങ്ങി. ആ ചെററവന്നതേയുള്ളു. നല്ലപൊന്നുംകൊടംപോലെയിരുന്ന ചെറുക്കനെ തുടിക്കെത്തുടിക്കെ എടുത്തുകൊണ്ടുപോയി. മഹാപാപിയെ കാഴ്ചകണ്ടാൽ അന്നു വെള്ളംകിട്ടുകയില്ല." ഇമ്മാതിരി ക്രൂരവചനങ്ങൾ ധാരാളമായി ചന്ദ്രികകേൾക്കാറുണ്ടായിരുന്നു. അതെല്ലാം അവളുടെ വിധിയാണെന്നു അവൾ സമാധാനിച്ചുകളഞ്ഞു. നളിനീകാന്തൻ തൻെറ ഉദാരതയെ വെളിപ്പെടുത്തി ചന്ദ്രികയെ വിവാഹം കഴിച്ചിരുന്നില്ലെങ്കിൽ, നിശ്ചയമായും അവൾ അപരിണീതയായി ആ ഗ്രാമക്കാരുടെ ആക്ഷേപത്തിനു പാത്രമായി അവിടെ ഇരിക്കയേഉള്ളു എന്ന വാസ്തവം അവൾകൂടി സമ്മതിക്കുന്നതാണു്. ഇങ്ങനെ തൻെറ ജീവിതമാകുന്ന അന്ധകാരഗഹ്വരത്തിൽ മംഗല്യമാകുന്ന ഒരു ദീപം കത്തിച്ചുവയ്ക്കാൻ ദയവുണ്ടായ നളിനീകാന്തനെ സാക്ഷാൽ ഈശ്വരനെന്നോണം ചന്ദ്രിക ബഹുമാനിക്കയും ആദരിക്കയും ചെയ്തു. നളിനിക്കും ചന്ദ്രികയോടു അതിയായ പ്രണയം ഉണ്ടായിരുന്നു. എന്നാൽ സുതൻെറയും സ്നുഷയുടെയും പരസ്പരസ്നേഹം ഉമയ്ക്കു

പ്രാണസങ്കടമായിരുന്നു! അവർ നളിനിയോടു ചന്ദ്രികയെ ഉപേക്ഷിക്കാൻ പലപ്രാവശ്യം അവശ്യപ്പെട്ടിട്ടും നളിനി കേട്ടഭാവമില്ല.

* * * *

ആ കൊല്ലം നിയമപാഠശാല തുറന്നപ്പോൾ ഉമ നളിനീകാന്തനെ നിയമപഠനാർത്ഥം കൽക്കത്തെയ്ക്കയച്ചു. ചന്ദ്രികയെ പററിക്കുവാൻ ഉമ എടുത്ത ഒരു കുറുക്കുവിദ്യയായിരുന്നു ഇതു്. നളിനീകാന്തൻ കൽക്കത്തെയിലായിരിക്കുമ്പോൾ ചന്ദ്രികയെ ബോധിച്ചപോലെ ഉപദ്രവിക്കാമെന്നാണ് അവർ വിചാരിച്ചതു്. മററൊരു ഉദ്ദേശ്യവും ഉണ്ടായിരുന്നു. ഒരു ഗ്രാമീണസ്ത്രീയായ ചന്ദ്രികയെ അപേക്ഷിച്ചു സുന്ദരികളായ കൽക്കത്തെയിലെ ഏതെങ്കിലും സ്ത്രീകളിൽ നളിനി അനുരക്തനായാൽ ആ കാരണത്തിൻ പേരിൽ ചന്ദ്രികയെ പരിത്യജിപ്പിക്കാമല്ലോ എന്നാണു ആ ഉദ്ദേശ്യം.

യാത്രയുടെ തലേന്നാൾവരെ ചന്ദ്രിക വളരെ ഉത്സാഹമുള്ളവളായിരുന്നു. നളിനീകാന്തൻ വീട്ടിൽ ഉണ്ടായിരുന്നാൽ ചന്ദ്രികയ്ക്കു വളരെ സമാധാനമുണ്ടായിരിക്കും. ഇനി തുടരെ വളരെനാൾ അയാൾ ഇല്ലാതിരിക്കുമ്പോൾ എന്തെല്ലാം സംഭവിക്കാൻപോകുന്നുവോ എന്നു് അവൾ ഭയപ്പെട്ടു. ആ സുകുമാരി ഒരിക്കലും കരയുന്ന പ്രകൃതക്കാരിയല്ലായിരുന്നു. വിവാഹത്തിനുശേഷം ആദ്യമായി അവളുടെ കണ്ണുകളിൽനിന്നും അശ്രുക്കൾ നിരർഗ്ഗളം പ്രവഹിച്ചുതുടങ്ങി.

"പ്രിയേ നീ എന്തിനാണു കരയുന്നതു്" നളിനീകാന്തൻ ചോദിച്ചു.

അവൾ തേങ്ങിത്തേങ്ങി കരഞ്ഞതേയുള്ളു. അവൾക്കു് ഒന്നും പറവാൻ കഴിവുണ്ടായിരുന്നില്ല. എന്തോ ചില ആശയങ്ങൾ ഭയദ്യോതകമായി അവളുടെ ഹൃദയത്തിൽ തിങ്ങിവിങ്ങി നിന്നിരുന്നു.

നളിനീകാന്തൻ അവളെ ആശ്ലേഷം ചെയ്തു് പലവുരു ചുംബിച്ചു. അവൻ ചോദിച്ചു:—"ചന്ദ്രികേ! പ്രേമസർവ്വസ്വമേ! ഓമന കരയുന്നതെന്തിനാണ്. ഞാൻ നിൻെറ സമ്മതം കൂടാതെ കൽക്കത്തെയിൽ പോകുന്നില്ല."

"അല്ല——പോണം—ഞാൻ" അവൾ മന്ത്രിച്ചു.

"നീ എന്തെല്ലാം ദുരദൃഷ്ടങ്ങളെ സ്വപ്നം കാണുന്നു?"

"ഒന്നുമില്ല."

"പിന്നെ കരയുന്നെന്തിന്?"

"വെറുതേ."

അവൾക്കു തടുക്കുവാൻ കഴിയാത്തവണ്ണമുള്ള വികാരക്ഷോഭ

ല്യത്താൽ അവൾ പൊട്ടിക്കരഞ്ഞുപോയി. "പ്രിയതമാ—അങ്ങ ളുവരം ഇനി എന്നാണു കാണുന്നതു്. എനിക്ക് ഇതോക്കുമ്പോരം സഹിക്കുവാൻ കഴിയുന്നില്ല."

"ഇത്ര ഉള്ളോ. ഞാൻ മാസത്തിൽ രണ്ടുതവണവീതം ഇവി ടെ വരാം. പിന്നെന്തു്?"

ഈ മറുപടി അവൾക്ക് എത്രകണ്ടു രസിച്ചു എന്നറിയുന്ന തിനു മുമ്പിൽ പുറത്തുനിന്ന് ഒരു ഗർജ്ജനം കേട്ടു. "അതേവി ടിശ്ശി അവൻ പോവാൻ വിടുല്ല. ഒരു നല്ലകാര്യത്തിനിറങ്ങുംമു മ്പേ കണ്ണീരായി. ചെററ അടിച്ചു പുറത്താക്കണം. ഇവിടെ തമ്പു രാട്ടിയെ എഴുന്നള്ളിച്ചന്നേ മുടിവാൻ തുടങ്ങി............"

ചന്ദ്രിക പിന്നീടു കരഞ്ഞില്ല. അവളുടെ കണ്ണുകളിലെ അ ശ്രുക്കളെല്ലാം വററിപ്പോയി. അവൾക്ക് എന്തോ പറഞ്ഞാൽ കൊള്ളാമെന്നുണ്ടായിരുന്നു. എന്നാൽ വാക്കുകൾ ഒന്നും പുറത്തു വന്നതേയില്ല.

അന്നവൾക്ക് അത്താഴം കിട്ടിയില്ല. കുപിതയും ക്ഷുഭിതയു മായ ശ്വശ്രൂ തൻെറ സ്നുഷയുടെ ഭക്ഷണക്കാര്യത്തെ അത്ര കാര്യ മാക്കിയില്ല. മകൻെറ യാത്രാസന്നസന്ദർഭത്തിൽ കണ്ണീർതൂകി എ ന്നും, മററുമുള്ള നിരവധി കുററങ്ങൾക്ക് അവളുടെ പേരിൽ അന്നു വിചാരണനടന്നു.

"ഒരിക്കലും തോല്ക്കരുതു്. പഠിക്കാൻ നിനക്കു സ്ത്രീധനം കിട്ടിയ രൂപയൊന്നുമില്ല. ഇതു കുടുംബസ്വത്താണ്. നിൻെറ അമ്മച്ചി ഒന്നും കൊണ്ടുവന്നിട്ടില്ലെന്നു നിനക്കറിയാമല്ലോ. വല്ല തും വായിക്കണം കേട്ടോ—അല്ലെങ്കിൽ, "തങ്കക്കൊട''ത്തിന് എ ഴുത്തയച്ചുംകൊണ്ടിരി......" എന്നൊക്കെ ഉമ മകനെ ശാസനാരൂ പത്തിൽ അനുഗ്രഹിച്ചു.

പ്രഭാതത്തിൽ 'ആനന്ദപുര'ത്തുനിന്നും വണ്ടികേറത്തക്കവ ണ്ണം അവിടെനിന്നും തിരിക്കണമെന്നാണു നളിനീകാന്തൻ വിചാ രിച്ചതു്. രാത്രി ഒരുമണിക്കു വിളിക്കാൻ തോണിക്കാരനെ ഏല്പ്പി ട്ടുചെയ്തിട്ടു് അവൻ വളരെ ആസ്വാദ്യജനകമായ എന്തോ അനുഭ വിക്കാനായി ഭാമിനീസമേതം നിദ്രയ്ക്കാരംഭിച്ചു.

* * * * * *

ദുഃഖനിബിഡമായ ഒരു ജീവിതം ചന്ദ്രിക നയിച്ചു. അവൾ ക്കു സഖീജനങ്ങളുമായി സംസാരിക്കുന്നതിനോ മററോ സ്വാതന്ത്ര്യ മുണ്ടായിരുന്നില്ല. എപ്പോഴും ഉമയുടെ ശകാരവും ഏററു വീട്ടു ജോലി ചെയ്യുകയേ നിവൃത്തിയുണ്ടായിരുന്നുള്ളു. അവളുടെ ജീവി തമാകുന്ന പാക്കപ്പൽ, ഉമയാകുന്ന കൊടുംപാറയിൽ തട്ടി ശിഥിലീ

ഭവിച്ചുപോകുമെന്ന് അവൾ വിചാരിച്ചു. ഏററവും കൂട്ടതലായി ശകാരം കേൾക്കുന്നതു്, പോസ്ററുമാൻ നളിനീകാന്തൻെറ കത്തു കൊണ്ടുവരുമ്പോളാണ്. ഒരുദിവസം ഉമ പറഞ്ഞു:—"എന്തോന്നാണിതു്. മാസത്തിൽ എത്ര കത്തയയ്ക്കണം. ആ കത്തിവിടെ വരാൻ എന്തു ചെലവുണ്ടെടീ."

"ഒരണ."

"കള്ളം, കള്ളം. കള്ളീ; ഒരണയ്ക്കു നൂറിൽപരം നാഴിക ഒരാൾ സഞ്ചരിച്ചു എഴുത്തു കൊണ്ടുവരികയോ? ഇതൊന്നും ഉമേടെ അടുത്തു വേണ്ട. അതൊക്കെ മനസ്സിലിരിക്കട്ടെ്."

"അമ്മാ—ഇതു ഒരാൾ നടന്നുകൊണ്ടുവരികയല്ല. ഇതുപോലെ പലർക്കുമുള്ള എത്രയോ കത്തുകൾ ഒന്നിച്ചിട്ടു റയിലിൽ അയയ്ക്കുയാണ്."

"നോക്കണേ—കുറുമ്പ്. അവൾ കേറി തർക്കുത്തരം പറയുന്നു. നിൻെറ അഭിപ്രായം ചോദിച്ചോടീ ഇവിടെ."

ചന്ദ്രിക മിണ്ടിയില്ല. അവൾ കുടമെടുത്തു വെള്ളം കോരാനായിപ്പോയി. ഉമ അവിടെനിന്നു ആരെയെന്നില്ലാതെ എന്തൊക്കെയോ പുലമ്പി. "ഒരു കായസ്ഥബ്രാഹ്മണകുടുംബത്തിലെ വധു. മുട്ടപടമേ അവൾക്കു കാണാൻ പാടില്ല. വല്ലതും കേട്ടാൽ എന്തരോ ഒരിസൺ (1) ആണെന്നു പറയും. കഷ്ടം! കഷ്ടം! ആ പശു ഉണങ്ങിച്ചാകാറായി. അതിനിത്ര വെള്ളം നേരത്തിനു കൊടുത്താലെന്തു്?"

ഈ വിധത്തിൽ, ചന്ദ്രികയുടെ ഭാഷയിൽ പറയുകയാണെങ്കിൽ ഇരുളടഞ്ഞദിനങ്ങൾ കഴിഞ്ഞുപോയി. ഉമ ചന്ദ്രികയെ ശകാരിക്കാത്ത ഒരു ദിവസവും ഉണ്ടായിരുന്നില്ല. അങ്ങനെയിരിക്കുമ്പോൾ വിചാരിച്ചിരിക്കാത്ത ഒരു വെള്ളപ്പൊക്കം ഉണ്ടായി. ആ കൊല്ലത്തിലെ ചില കൃഷികളൊക്കെ നശിച്ചുപോയി. അതിനും ചന്ദ്രികയാണു കുററക്കാരിയെന്നു ഉമ വിധിച്ചു. "നല്ല കുട്ടികൾ ഉണ്ടായിരുന്നെങ്കിൽ ദൈവം കോപിക്കുല്ല. ഇതു മുഖം മറക്കുല്ല. ചുമ്മായല്ല "പൂർബസാൻ" (2) കാലത്തു വെള്ളപ്പൊക്കം............"

*　　*　　*　　*

അയിടയ്ക്കു കൽക്കത്തയിൽനിന്നു നളിനീകാന്തൻെറ ഒരു സ്നേഹിതൻ ആ നാട്ടുംപുറത്തുവന്നു. അയാൾ സ്വഭവനത്തിലേയ്ക്കു മടങ്ങുകയായിരുന്നു. ഒരു സായങ്കാലത്തിലാണ് അയാൾ ഉമാ

---

1. Civilization. 2 ബങ്കാളത്തിലെ ഒരുത്സവം.

ഗൃഹത്തിൽ വന്നുചേൎന്നു്. വിധിവൈപരീത്യത്താൽ ഉമ അന്ന വിടെ ഇല്ലായിരുന്നു. അടുത്തുള്ള ഒരു ബന്ധുഗൃഹത്തിൽ ഏതോ അടിയന്തിരം പ്രമാണിച്ചു അവർ പോയിരുന്നു.

ആ അപരിചിതനെ സൽക്കരിക്കേണ്ട ഭാരം ചന്ദ്രികയ്ക്കു വന്നുചേൎന്നു. ആ പച്ചപ്പരിഷ്കാരിക്കു നാടൻരീതിയിലുള്ള കാപ്പിയും മററും ഇഷ്ടമായിരിക്കുമോ എന്നുള്ള സംശയത്തോടുകൂടി ചന്ദ്രിക അയാളെ സൽക്കരിച്ചു. ബംഗാളത്തിൽ അതിഥിസൽക്കാരം പോലെ പ്രാധാന്യമുള്ള ഒരു കൎമ്മം മററില്ലല്ലോ.

അവൾ 3) രാഗിണിയെ ചന്തയിലയച്ചു മത്സ്യവും മററും വാങ്ങി അയാളെ സൽക്കരിച്ചു. അയാൾ നളിനീകാന്തനെപ്പററിയുള്ള സന്തോഷവൎത്തമാനങ്ങൾ ചന്ദ്രികയെ അറിയിച്ചു. ആ മഴക്കാലത്തു രാത്രിതന്നെ അയാളെ മടക്കി അയയ്ക്കുവാൻ ചന്ദ്രികയ്ക്കു ധൈൎയ്യമുണ്ടായിരുന്നില്ല.

*  *  *  *  *

അൎദ്ധരാത്രി. ചന്ദ്രിക നിദ്രാവലംബിനിയായി കിടക്കയാണു്. പുറത്തെ വരാന്തയിൽ ശയിച്ചിരുന്ന അതിഥി ആ തണുത്ത രാത്രിയെ വളരെ ശപിച്ചുകൊണ്ടു് എഴുന്നേററിരുന്നു. ഒരു സിഗാർ കത്തിച്ചുവലിച്ചുകൊണ്ടു് അയാൾ എന്തോ ഉദ്ദേശിച്ചു ചിന്താമഗ്നനായിരുന്നു. ഒട്ടുകഴിഞ്ഞു് അയാൾ കതകു തള്ളിത്തുറന്നു ചന്ദ്രികയുടെ ശയനസ്ഥലം പ്രാപിച്ചു. അവൾ ഏകാകിനിയായി ശയിക്കുന്നു. അവൾ ഒരു സുന്ദരി. വിശേഷിച്ചു് ഏഴെട്ടു മാസംകൊണ്ടു പുരുഷസമ്പൎക്കംകൂടാതെയിരിക്കുന്നവൾ. ഏതോ നല്ല വിചാരങ്ങൾ അയാളിലുദിച്ചു. "അവൾ നളിനീകാന്തൻെറ ഭാൎയ്യയാണു്. അന്യൻെറ ഭാൎയ്യയെ പ്രാപിക്കയോ? വിശേഷിച്ചും അവൾ എന്നെ സോദരബുദ്ധ്യാ വേണ്ടവണ്ണം സൽക്കരിച്ചുമിരിക്കുന്നു."............കാമൻ വിട്ടില്ല. "ആരായാലെന്തു്? ഇവളെ പ്രാപിക്കാതെപോകയോ? ഉദ്ദേശിച്ചിരിക്കാതെ കിട്ടിയ ഈ തക്കത്തെ കളയുകയോ?............" അയാൾ മുമ്പോട്ടടുത്തു. അവിടെ മങ്ങിക്കത്തിക്കൊണ്ടിരിക്കുന്ന വെളിച്ചത്തിൽ അവളുടെ മനോഹരശരീരം സുതരാം നയനമോഹനമായിരുന്നു. അയാൾ ആ നിദ്രാവലംബിനിയുമായി സഹശയിച്ചു.

*  *  *  *  *

വിളിക്കുവാനോ കരയുവാനോ ഇടയാവാതെതന്നെ ആ പൈശാചികകൎമ്മം കഴിഞ്ഞുകൂടി. ചന്ദ്രികയ്ക്കു വ്യഭിചരിക്കണമെ

---

3. പരിചാരിക.

ന്നുള്ള ഉദ്ദേശമില്ലായിരുന്നു. എന്നാൽ പരിതഃസ്ഥിതി അവളെ അനുവദിച്ചില്ല. ഏകാന്തതയിൽ നിലവിളികൂട്ടിയാൽ ഫലമില്ലെന്നുമാത്രമല്ല കാര്യം നാട്ടിൽ പാട്ടാവുകയും ചെയ്യും. മിണ്ടാതിരുന്നാൽ ആരും അറിയാതെയങ്ങു പോയെന്നുംവരാം. പാവപ്പെട്ട പരിചാരിക ഇതൊന്നും അറിഞ്ഞില്ല. ചന്ദ്രിക എട്ടുമാസംകൊണ്ട് വിരഹാർത്തയായി കഴിഞ്ഞുവരികയാണല്ലോ. അവളുടെ യൗവ്വനം ഇങ്ങനെ മൗനസമ്മതത്തിൽകൂടി അവളെ അധഃപതിപ്പിച്ചു. അവൾ ഈ സംഭവത്തെ ഗോപനം ചെയ്തു. എന്നാൽ നിയതി ഗോപനം ചെയ്യുമെന്ന് അവൾ ആശിച്ചതു തെററിപ്പോയി!.

ദുഃഖസമ്പൂർണ്ണമായ ദിവസങ്ങൾ കഴിഞ്ഞുപൊയ്ക്കൊണ്ടിരുന്നു. പരീക്ഷകഴിഞ്ഞിട്ടും നളിനീകാന്തൻ മടങ്ങിവന്നില്ല. ചന്ദ്രികയുടെ സങ്കടം വർദ്ധിച്ചതേയുള്ളു.

അന്നത്തെ സംഭവത്തെ നിയതി ഗോപനം ചെയ്തില്ല. മാസം അഞ്ചു കഴിഞ്ഞു. ചന്ദ്രികയിൽ ചില ലക്ഷണങ്ങൾ കണ്ടു. അതെന്താണെന്ന് ഉമയ്ക്കറിയാമായിരുന്നു. അവരുടെ മുഖം കറുത്തു. കണ്ണുകളിൽനിന്ന് തീപ്പൊരിപാറി. "എന്താണു ചന്ദ്രികേ; ഇതു്? നീ ഇപ്പോഴും വെറും കുഞ്ഞോ? നല്ല കുടുംബത്തിൽനിന്നും പെണ്ണെടുത്തതു്! കാര്യം പററി!! ഇനി ആരെന്നു നേരേ പറഞ്ഞാൽ മതി, ഇത്രയേമതി. എടീ വേശ്യയെക്കണ്ടാൽ ഒരു നോക്കിൽ തിരിച്ചറിയാം. ഞാൻ ഇവിടെ പത്താമത്തെ വയസ്സിൽ കാലെടുത്തു കുത്തിയവളാണ്. ഇന്നേയ്ക്കു മുപ്പത്തിമൂന്നു വർഷമാകുന്നു. നളിനിയുടെ അച്ഛൻ മരിച്ചിട്ടുതന്നെ പതിനൊന്നുവർഷമായി. എന്നിട്ട് ഒരു ചീത്തപ്പേരുകേട്ടോ, കുറച്ചില്—കുറച്ചില്—മാനംകെട്ടു—തറവാട്ടിൻെറ മഹിമപോയി. അവൻെറ മാനംകൂടി നീ കെടുത്തല്ലോ. ഇനി എങ്ങനെ പുറത്തിറങ്ങും.......!"

... ... ...

നല്ല ചന്ദ്രികയുള്ള ഒരു രാത്രിൽ ചന്ദ്രിക കോലായിൽ ഇരുന്നു എന്തോ വായിക്കയായിരുന്നു. ശ്വശ്രുവിൻെറ പ്രസംഗത്തിന് അവൾ മറുപടി ഒന്നും പറഞ്ഞില്ല. "എടീ ഇതാരെന്നുപറ.?"

"ഏതു്" അവൾ സഗർവ്വം ചോദിച്ചു.

"നിനക്കു വയറുവീർത്ത......"

"എനിക്ക് ഒന്നും വന്നില്ല. അമ്മ ചുമ്മായിരുന്നാൽ മതി"

"എടീ, നിനക്കു ഗർഭമില്ലേ?"

"അതിനെന്തു്?"

"ഒന്നുമില്ലേ?"

"ഇല്ല, എനിക്കു ഭർത്താവുണ്ടല്ലോ."

"നിൻെറ ഭത്താവു് എപ്പോഴെടീ ഇവിടെ വന്നതു്."

"ബോധിച്ചപ്പോൾ" അവൾ തക്ഷത്തരംതന്നെ പറഞ്ഞു. അല്ല ഗത്യന്തരമില്ലായ്ക അവളെക്കൊണ്ടു് അങ്ങനെ പറയിച്ചു.

ഗ്രാമത്തിൽ ഈ വാൎത്ത പരന്നു. ആളുകൾ ശ്രദ്ധിച്ചു. സുമംഗലികൾ—വിധവകൾ ഇവരെല്ലാം ഒന്നാകെ ചന്ദ്രികയെ പുച്ഛിച്ചു സംസാരിച്ചു. "അല്ലെങ്കിലും അവൾ തേവിടിശ്ശിതന്നെ." ഇല്ലാ—നളിനീ, വന്നിട്ടുണ്ടായിരിക്കണം—ആ തള്ള വെറുതേ അപരാധം പറകയായിരിക്കണം. അല്ലാതെ......" സംഭാഷണങ്ങളും കേൾവികളും തകൃതിയായി അങ്ങു നടന്നു. ഇതിൻെറ പ്രതിധ്വനികൾ ചന്ദ്രികയുടെ കണ്ണങ്ങളിലും എത്താതിരുന്നില്ല.

... ... ...

ചന്ദ്രിക ഒരുന്മാദിനിയെപ്പോലെ ജീവിച്ചു. ഏതുകൊണ്ടും ജാതിയിൽനിന്നു തള്ളിക്കളയുമെന്നു് അവൾക്കറിയാമായിരുന്നു. അങ്ങനെയിരിക്കുമ്പോൾ നളിനീകാന്തൻെറ ഒരു കത്തുവന്നു. അതിൽ ആ മാസം ഒടുവിൽ അയാൾ മടങ്ങിവരുമെന്നുണ്ടായിരുന്നു.

ചന്ദ്രികയ്ക്കു നളിനീകാന്തനെ കാണണമെന്നു് ആഗ്രഹമുണ്ടായിരുന്നില്ല. എന്തെങ്കിലുംചെയ്തു മരിച്ചാൽ മതിയെന്നു മാത്രമേ അവൾ ആഗ്രഹിച്ചിരുന്നുള്ളു. നളിനീ അവൾക്കു് എത്രതന്നെ പ്രിയപ്പെട്ടവനായിരുന്നാലും അവൾ അവനെ വഞ്ചിച്ചല്ലോ; അല്ല, വിധി അവളെ വഞ്ചിച്ചല്ലോ.

ഉമ ആ ഗൃഹംവിട്ടു് ഏതോ ബന്ധുഗൃഹത്തിൽ പൊയ്ക്കളഞ്ഞു. ചന്ദ്രികമാത്രം ഏകാന്തതയിൽ കഴിയുകയായിരുന്നു. നളിനി മടങ്ങിവരുന്നു എന്നറിഞ്ഞപ്പോൾ അവൾക്കു വല്ലാത്ത പരിഭ്രമമുണ്ടായി. ഒടുവിൽ അവൾ എന്തോ നിശ്ചയിച്ചു് ഒരെഴുത്തെഴുതി നളിനീചരണൻ വന്നാൽ കാണത്തക്കവണ്ണം വച്ചു. അതു മതിയോ എന്നറിയാൻ മേലാതെ അവൾ അതിനെ എടുത്തു വീണ്ടും വായിച്ചു:—

"പ്രാണനാഥാ—ഞാൻ അങ്ങനെതന്നെ വിളിക്കട്ടെ. ഞാൻ ഏകാകിനിയായിപ്പോയി. ലോകത്തിൽ എൻെറ ഏകബന്ധുവായ അങ്ങേ ഞാൻ വഞ്ചിച്ചു. അല്ല, ഞാൻ അധഃപതിച്ചുപോയി. ജീവിതത്തിലെ കാമ്യമായ സുഖങ്ങൾ അങ്ങയുടെ ഉദാരതകൊണ്ടാണു് ഞാൻ അനുഭവിച്ചതു്. എന്നാൽ..........അതു ഞാൻ പറയുന്നില്ല. ഞാൻ എൻെറ ജീവിതസൎവ്വസ്വത്തിനെ വഞ്ചിച്ചു. അങ്ങയുടെ അസാന്നിദ്ധ്യത്തിൽ ഞാൻ...............സന്തോഷം അനുഭവിക്കുവാൻ ദൈവം എന്നെ വിധിച്ചില്ല. ഞാൻ ഇപ്പോൾ

അനുഗ്രഹിക്കപ്പെട്ടവളല്ല. എൻെറ ജീവരക്തം കണ്ണീരായി ഇതാ ബഹിർഗ്ഗമിക്കുന്നു. അങ്ങ് എന്നെ ഒരിക്കലും വിസ്മരിക്കരുത്. ദയചെയ്ത് മടങ്ങിവരിക. അപ്പോൾ അറിയാം, പ്രിയതമൻ എൻെറ അപരാധങ്ങളെ ക്ഷമിക്കണേ..........ഞാൻ മാപ്പുചോദിക്കുന്നു. എൻെറ തെററിനെ ക്ഷമിക്കണേ, ഞാൻ യാത്രചോദിക്കുന്നു. സ്നേഹം, സ്നേഹം.........അതു് ദിവ്യമാണെങ്കിലും വിധിയില്ലെങ്കിൽ അനുഭവിക്കില്ലതന്നെ. ചന്ദ്രിക."

... ... ... ...

പിറേറന്നുതന്നേ നളിനീകാന്തൻ മടങ്ങിവന്നു. ദൂരെനിന്നേ എന്തോ അശങ്കയോടുകൂടിയാണ് അയാൾ വന്നതു്. ഗൃഹം ശൂന്യമായിരുന്നു. സർവ്വത്ര നിശ്ശബ്ദത! അയാൾ വിളിച്ചു:—"ചന്ദ്രികേ, അമ്മേ......ചന്ദ്രികേ......തങ്കം പുറത്തുവരൂ."

... ... ... ...

അയാൾ എല്ലാം ഗ്രഹിച്ചു. ചന്ദ്രികയെ ആക്കും കാണാൻ കഴിഞ്ഞിട്ടില്ല. അയാൾ മാപ്പുകൊടുക്കാൻ സന്നദ്ധനായിരുന്നു. എന്നാൽ അതിനും വിധിവേണ്ടേ!

നന്ദിഗ്രാമത്തിലെ വയലുകളിൽകൂടി "ചന്ദ്രികേ, ചന്ദ്രികേ" എന്നു പുലമ്പിക്കൊണ്ടു് ഒരു യുവാവു് ചിലപ്പോൾ നടക്കുന്നതു കാണാം. പ്രേമത്തിൻെറ ശക്തി വല്ലാത്തതുതന്നെ!!.

---

## സത്യം.

(എം. കെ. ജനാർദ്ദനശർമ്മാ, ഹരിപ്പാട്, ശാസ്ത്രിക്ലാസ്സ്.)

"ഉണ്ണിക്കിടാങ്ങൾ പിഴച്ചുകാൽവെയ്ക്കിലും, കണ്ണിന്നു കൌതുകമുണ്ടാം പിതാക്കൾക്കു" എന്നുള്ള വാത്സല്യസമ്മിളിതമായ വാസ്തവതത്വം എനിക്കു നിത്യപാഠമാകയാൽ ആ പദ്യശകലകളിൽ ആശയമുറപ്പിച്ചുകൊണ്ടു് എൻെറ ബാലബുദ്ധിയിൽ അങ്കുരിച്ചതായ ജ്ഞാനശകലങ്ങളെ ഏകീകരിച്ചു മാസികാപാരായണതല്പരന്മാരുടെ മുമ്പാകെ അവതരിപ്പിച്ചുകൊണ്ടു് പ്രകൃതത്തിലേക്കു പ്രവേശിക്കുന്നു.

"സത്യോക്തിക്കൊത്തതാംധർമ്മം
ശാസ്ത്രത്തിൽ കാണ്മതില്ലതാം
നീരിനാൽ ശുദ്ധമാംദേഹം
നേരിനാൽ ശുദ്ധമാംമതം."

"അന്യക്കുദോഷം ചെയ്യാത്തവാക്കുതാൻ സത്യഭാഷിതം."

സർവ്വമതങ്ങൾക്കും ശാസ്ത്രതത്വങ്ങൾക്കും അടിസ്ഥാനമായിട്ടുള്ളതാണു് സത്യം. യാതൊരു മാർഗ്ഗം ഋജുഗതിയായി പ്രത്യക്ഷപ്പെട്ടുന്നുവോ അതാണു് സത്യമാർഗ്ഗം. യാതൊരു മതം സത്യതത്വങ്ങളെ പ്രതിപാദിക്കപ്പെട്ടുന്നുവോ അതാണു് യഥാർത്ഥമതം. യാതൊന്നും മായയാൽ വ്യാമോഹിക്കപ്പെടാത്ത ശാശ്വതദീപമായി പ്രകാശിപ്പെട്ടുന്നുവോ അതാണു് സത്യം. കല്പാന്തകാലത്തിൽ ബ്രഹ്മാണ്ഡകടാഹം ഇളകിമറിയുന്നു. സർവ്വജീവരാശികളും ദീർഘനിദ്രയെ പ്രാപിക്കുന്നു. 'കമലജകമലാകാന്തകാമാന്തകന്മാർ' നിദ്രാമുദ്രിതരാകുന്നു. സർവ്വത്ര ശൂന്യാവസ്ഥയിൽ ഒരേ ഒരു ശക്തിമാത്രം വിജയപതാക നാട്ടി വിജിഗീഷുവായി പ്രശോഭിക്കുന്നു. അതെന്താണു്? പരമവഞ്ചനയാണോ? സ്വാർത്ഥപരതയാണോ? അതല്ല സത്യം; അതേ സത്യമെന്ന ശബ്ദം ബ്രഹ്മം തന്നെയാണു്. ഒരു മനുഷ്യനുണ്ടായിരിക്കേണ്ട ഉത്തമഗുണങ്ങളിൽ അത്യുത്തമമായ സ്ഥാനമാണു് സത്യത്തിനു നൽകേണ്ടതു്. സത്യസന്ധന്മാക്കു് ലോകം മാത്രമല്ല ഈശ്വരശക്തിപോലും വിധേയമായിരിക്കും. ഈശ്വരൻതന്നെ സത്യസ്വരൂപനാണു്. അദ്ദേഹത്തിൻെറ ശക്തിയാണു് സത്യം. ആ ശക്തിയെ അതായതു സത്യത്തെ വരിക്കുകയാണു് മനുഷ്യധർമ്മം.

സത്യമാമൊന്നൊഴിഞ്ഞീടിൽ രൂപമില്ലീശനൊന്നുമേ
സത്യമാമീശരൂപത്തെ നിത്യവും കാണുമുത്തമർ.

നേരായ വഴിയാണു സത്യമെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ. സത്യമില്ലാത്ത യാതൊന്നും ശാശ്വതമല്ല; അതു നമുക്കു പൂർണ്ണമായി മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതാണു്. തനിപ്പൊന്നിനേക്കാൾ ശോഭതോന്നിക്കുന്നതല്ലേ റോൾഡ്ഗോൾഡ്. അല്പകാലത്തേക്കു മാത്രമേ അതിൻെറ കാന്തി നിലനില്ക്കുകയുള്ളു. പിന്നീട്ടു് കൈകൊണ്ടു തൊടാൻ പോലും തോന്നുകയില്ല. അതെന്തുകൊണ്ടു? അതു കൃത്രിമമായതുകൊണ്ടാണു്. അതിനാൽ സത്യമാർഗ്ഗങ്ങളെയാണു് നാം സ്വീകരിക്കേണ്ടതു്. അസത്യമാണു് കുംഭീപാകമെന്ന ഭയംകരനരകത്തെ സൃഷ്ടിച്ചിട്ടുള്ളതു്. നമുക്കു അസത്യം പറയാതെ ജീവിച്ചുകൂടെയോ, ആകാം; നാം മനസ്സാക്ഷിയെ അനുസരിക്കുന്നപക്ഷം നമുക്കു സത്യസന്ധന്മാരായി ജീവിക്കാൻ സാധിക്കും. അസത്യം പറയാനോ പ്രവർത്തിക്കാനോ നമ്മുടെ മനസ്സാക്ഷി ഒരിക്കലും അനുവദിക്കുകയില്ല. എന്നാൽ പ്രഥമമായി കള്ളം സൃഷ്ടിക്കാൻ സാഹസപ്പെട്ടുന്നവരെ ഗുണദോഷിക്കാൻ സന്നദ്ധമാകുന്ന മനസ്സാക്ഷിയെ എതിർത്തുകൊണ്ടിരുന്നാൽ ആ ശക്തി നമ്മിൽ നിന്നും പൊ

ണ്ടോകും. അസത്യമാർഗ്ഗത്തിൽ വ്യതിയാനം ചെയ്യുന്ന മനസ്സിനെ, അരുതെ, നീയതു ചെയ്യരുതെ എന്നു വ്യക്തമായും, ശാന്തമായും, സരളമധുരമായും ഗുണദോഷിക്കുന്ന ആ അന്തരാത്മാവുതന്നെയാണു് മനസ്സാക്ഷി. ആ നിരോധനാജ്ഞയെ വകവെയ്ക്കാതെ ഒരു കള്ളം പറയുക. പിന്നീടു് അതിനെ പുലർത്തുവാൻവേണ്ടി അനവധി കള്ളം പറയുക അമ്മയെ കളിപ്പിച്ചിട്ടുകാശു കൈക്കലാക്കുക. പിന്നീടു് അല്പംകൂടി വലിയ കള്ളങ്ങൾ ചെയ്യുക അച്ഛന്റെ പണപ്പെട്ടി കുത്തിത്തുറക്കുക. അവസാനത്തിൽ രാജഭണ്ഡാരം പോലും കുത്തിക്കവക്കാൻ ധൈര്യപ്പെടുക. ഈവിധത്തിലാണു് കള്ളത്തിന്റെ ഗതി. നല്ല മരത്തിൽ ഇത്തിൾ പിടിക്കുന്നതുപോലെയാണു് സൽസ്വഭാവിയായ ഒരുവനിൽ കടന്നുകൂടുന്ന അല്പമായ അസത്യപ്രസക്തി. അസത്യത്തിൽനിന്നു് എന്തെല്ലാം ദുർഗ്ഗുണങ്ങളാണു് ജനിക്കുന്നതു്. ദുഷ്ടത, ക്രൌര്യം, സ്വാത്മതൽപരത, പരവഞ്ചന, അഹങ്കാരാദയായി ജീവചൈതന്യത്തെ കെടുത്തുന്ന വിഷജന്യങ്ങളായ ദുർഗ്ഗുണങ്ങളെല്ലാം അസത്യമാകുന്ന മൂഢഗർഭത്തിന്റെ രാക്ഷസസന്തതികളാണു്. ഇതിൽ ഏതെങ്കിലും ഒരു ദുർഗ്ഗുണം മതി, മനുഷ്യനെ ക്കെടുത്താൻ. എല്ലാംകൂടി സമ്മേളിച്ച കാലത്തെ കഥ പറയാനുമില്ലല്ലോ.

വേദങ്ങൾതന്നെ സത്യവിദ്യയുടെ പ്രകാശമാണു്. ഈശ്വരൻ വേദവേദ്യനായിരിയ്ക്കെ സത്യമാർഗ്ഗത്തിൽ കൂടിയല്ലാതെ അദ്ദേഹത്തിനെ അറിയുവാൻ സാധിക്കുകയില്ലെന്നുള്ളതു് നിശ്ചയമാണല്ലോ. നമ്മുടെ നാവിൽനിന്നും പുറപ്പെടുന്നതെല്ലാം സത്യപ്രസ്താവനകൾ ആയിരിക്കണം. സത്യം പറയുന്നതിനുവേണ്ടിയാണു് ഈശ്വരൻ നമുക്കു നാക്കു തന്നിരിക്കുന്നതു്. കള്ളം പറയുന്നതുകൊണ്ടു നമുക്കുമാത്രമല്ല ദോഷമുണ്ടാകുന്നതു്. അന്യരേക്കൂടി നാം ദുഃഖിപ്പിക്കയാണു് ചെയ്യുന്നതു്. പരവഞ്ചന മാത്രമല്ല പരഹിംസകൊണ്ടുള്ള മഹാപാപംകൂടി നമ്മെ ആവേശിക്കുന്നു ചിലർ ദ്വയാർത്ഥപ്രയോഗങ്ങളാൽ സത്യസന്ധത നടിക്കും; എന്നാൽ വലിയ അസത്യവാദികളായും ലോകത്തെ വ്യാമോഹിപ്പിക്കുന്നുണ്ടു്. "തഴവ" എന്ന സ്ഥലത്തുവെച്ചു മോഷണംചെയ്ത ഒരു തസ്കരനെ പിടികൂടി സത്യം ചെയ്യിച്ചപ്പോൾ അവൻ മാർഗ്ഗമദ്ധ്യേ വായിലിട്ടതഴയെ സാക്ഷീകരിച്ചു് തഴവായിൽ വന്നതിൽ പിന്നെ തഴവാത്തേവരാണെ മോഷ്ടിച്ചില്ലേ എന്ന സത്യവാചകം ചൊല്ലി തല്ക്കാലം കൃതകൃത്യനായ കഥയും വിസ്മരണീയമല്ല. ഇതുപോലെയുള്ള പ്രയോഗങ്ങൾ സ്വീകാര്യമല്ല. എവിടെയും കള്ളം പറഞ്ഞു നില്ക്കാം എന്നു ചിലക്കു ധൈര്യമുണ്ടു്. അങ്ങനെയുള്ളവർ തങ്ങ

ളുടെ സമ്പാദ്യമായി സ്വരൂപിക്കുന്ന പാപസമുച്ചയത്തിൻെറ ഭാരം അറിയുന്നതേയില്ല. ധൎമ്മപുത്രർ സത്യസന്ധനായ ഒരു സത്യവ്രതനായിരുന്നു. അദ്ദേഹം ജീവിതത്തിൽ കളിയായിട്ടുപോലും കളവുപറഞ്ഞിട്ടില്ല. മഹാഭാരതയുദ്ധത്തിൽ വിജയം സന്ദിഗ്ദ്ധാവസ്ഥയിൽ സ്ഥിതിചെയ്തപ്പോൾ—മിക്കവാറും കൌരവപക്ഷത്തിൽ വിജയകടാക്ഷങ്ങൾ പതിച്ചുകൊണ്ടിരുന്നപ്പോൾ—തൽക്കാലവിജയത്തിനായി ധൎമ്മപുത്രർ ഒരു കള്ളം പറയേണ്ടതായി വന്നു. അതു് ഗീതാകൎത്താവും കൎമ്മവിചക്ഷണനുമായ ഭഗവാൻ കൃഷ്ണസ്വാമിയുടെ പ്രേരണനിമിത്തമായിരുന്നു. "അശ്വത്ഥാമാ ഹതഃ കുഞ്ജരഃ" എന്നതു് മൃതനായ ആനയെ ഉദ്ദേശിച്ചു പറഞ്ഞതാണ് എന്നു സമാധാനപ്പെടാമെങ്കിലും അതൊരു ആത്മവഞ്ചന തന്നെയായിരുന്നില്ലേ. ഇതേ കാരണത്താൽ ആ ധാൎമ്മികോത്തംസമൂത്തിന്നു് മഹാഭയങ്കരമായ നരകം ഒരിക്കൽ സന്ദർശിക്കുവാൻ ഇടവന്നു. ആ സ്ഥിതിക്കു നിമിഷംപ്രതി കള്ളം പറഞ്ഞുകൊണ്ടിരിക്കുന്നവരുടെ അനുഭവം എന്തായിരിക്കുമെന്നു് ത്രികരണങ്ങളേക്കൊണ്ടുംഊഹിക്കാൻപോലും വിഷമമായിരിക്കും. (തുടരും)

## കേരളചരിത്രത്തിലെ ഒരു അലിഖിതാദ്ധ്യായം.

(കെ. രാമൻമേനോൻ.)

(പകൎപ്പവകാശം സ്വായത്തം.)

### ചെമ്പകശ്ശേരി രാജവംശം.

അതിൻെറ ഉല്പത്തിയും വിനാശവും.

ചെമ്പകശ്ശേരി രാജവംശം വളരെ പ്രാചീനമായ ഒന്നല്ല. നാലഞ്ചു തലമുറയിൽ അധികം ആ രാജവംശം നീണ്ടുനിന്നതായും അറിയുന്നില്ല. ഇന്നത്തെ ഉത്തരതിരുവിതാംകൂറിൽ പണ്ടു് തെക്കുംകൂർ വടക്കുംകൂർ എന്നിങ്ങനെ രണ്ടു രാജ്യങ്ങൾ ഉൾപ്പെട്ടു കിടപ്പുണ്ടായിരുന്നു. അതിൽ തെക്കുംകൂറിനോടുചേൎന്ന രാജ്യമായിരുന്നു ഏറ്റുമാനൂർ. ഈ ഏറ്റുമാനൂരിനടുത്ത കുമാരനല്ലൂർ പടിഞ്ഞാറുഭാഗത്തു് പണ്ടു് ഒരു ദരിദ്രബ്രാഹ്മണഗൃഹം

പുളിക്കൽ ചെമ്പകശ്ശേരിമഠം.

സ്ഥിതിചെയ്തിരുന്നു. ഈ കുടുംബത്തിൽ ഒരു വിധവയും ആ വിധവയ്ക്കു് ഒരു മകനും മാത്രമേ ഒരു കാലത്തു് അംഗങ്ങളായി ഉണ്ടായിരുന്നുള്ളു.

വടക്കൻ അതിർത്തിയിലുള്ള കൊച്ചിയും അതിന്നു വടക്കുള്ള കോഴിക്കോട്ടും അന്യോന്യം കയർത്തും കലഹിച്ചുംകൊണ്ടിരുന്ന കാലമായിരുന്നു അതു്. ഈ രണ്ടു രാജ്യങ്ങൾ തമ്മിൽ അനേകം യുദ്ധങ്ങൾ ഉണ്ടായിട്ടുണ്ടു്. വിജയലക്ഷ്മി ഇരുകക്ഷികളേയും മാറിമാറി ആശ്ലേഷിച്ചുകൊണ്ടിരുന്നതിനാൽ തീർത്തുപറയത്തക്കതായ ജയവും അപജയവും ആർക്കും ഉണ്ടായില്ല. കൊച്ചിയോടുതോററു് കോഴിക്കോട്ടും, കോഴിക്കോടിനോടുതോററു് കൊച്ചിയും പലപ്പോഴും ഓടേണ്ടതായി വന്നിട്ടുണ്ടു്.

ഒരിക്കൽ കൊച്ചിയുടെ ഒരു വലിയ നായർസൈന്യം പ്രാണരക്ഷയ്ക്കായി ഓടി തെക്കൻകൂറിൽ വന്നുചേർന്നു. ഭക്ഷണക്കുറവുകൊണ്ടും യാത്രാശ്രമംകൊണ്ടും ഈ സൈനികന്മാർ വളരെ ക്ഷീണിച്ചും വിവശരായും ഇരുന്നു. ഒന്നുരണ്ടു ദിവസത്തേക്കു് അവക്കു് ഒന്നുംതന്നെ ഭക്ഷിക്കുവാൻ കിട്ടിയിരുന്നില്ല. ഈ പലായനത്തിനിടയിൽ ഒരു മദ്ധ്യാഹ്നത്തിലാണു് അവർ കുമാരനല്ലൂരിൽ എത്തിച്ചേൎന്നതു്.

ക്ഷേത്രക്കുളത്തിൽനിന്നു് മാദ്ധ്യാഹ്നികം കഴിച്ചുപോകുന്ന ഏതാനും ബ്രഹ്മചാരികളെ അവർ കണ്ടു. "എവിടെ ചെന്നാലാണു് ഭക്ഷണത്തിനു വല്ലതും കിട്ടുക?" എന്നു് ഈ സൈനികർ ആ ബ്രാഹ്മണക്കുട്ടികളോടു ചോദിച്ചു.

കുട്ടികൾതന്നെ എന്നും എവിടേയും വികൃതികളാണെല്ലോ. ലൌകികഭാരത്തിന്റെ വിഷമങ്ങളൊന്നും അറിഞ്ഞിട്ടില്ലാത്ത പാവങ്ങൾ! കാൎയ്യാകാൎയ്യവിവേകനൈപുണി അവർ കണ്ടതോ കേട്ടതോ! പരദുഃഖത്തെ കാണ്മാനോ അറിയുവാനോ ഉള്ള കണ്ണോ കരളോ അവക്കുണ്ടോ! ഇല്ലേ ഇല്ല. ഉണ്ണിനമ്പൂതിരിമാർ പ്രത്യേകിച്ചും ബഹുകുസൃതിക്കുട്ടകളാണു്. അവരുടെ കുസൃതിത്തരങ്ങളെ പ്രഖ്യാപനംചെയ്യുന്ന സരസകഥകൾ അനേകമുണ്ടു്. അതു് അവരുടെ കുററമല്ല. നമ്പൂതിരിമാർ പ്രായേണ ധനികന്മാരും പ്രഭുക്കന്മാരും ആണു്. പോരെങ്കിൽ ആൺകുട്ടികൾ അവക്കൊരു നിധിയും ആകുന്നു. അതിനാൽ "ഉണ്ണികൾ" എല്ലാം "വെള്ളിക്കരണ്ടിയും വായിൽവെച്ചുകൊണ്ടു് ജനിക്കുന്ന ഭാഗ്യവാന്മാർ" തന്നെ. "തണലിൽ പിള്ള ദാഹമറിയുമോ." അങ്ങനെയുള്ളവർ, പ്രത്യേകിച്ചും കുട്ടിക്കാലത്തു്, വിവേകശൂന്യന്മാരായിത്തീരുന്നതിൽ തെല്ലും അതിശയിക്കുവാനില്ല.

മേൽക്കാണിച്ച ചോദ്യത്തിന് സമാധാനമായി, മഹാസാഹസികശീലന്മാരായ ചിലരെല്ലാം ഒന്നും മിണ്ടാതെ പോയി. വേറെ ചിലർ ഇവരെ ഒന്ന് 'ചെണ്ടകൊട്ടിക്കണം' എന്നു നിശ്ചയിച്ചു. അതിലേയ്ക്കു തങ്ങളുടെ കൂട്ടത്തിലുള്ള ഒരു സാധുക്കുട്ടിയെ പാത്രമാക്കുവാനും ഉറച്ചു. അവർ പറഞ്ഞു:—"അതാ പിന്നാലെ വരുന്നു ഒരുണ്ണി. അവൻ നല്ല 'ക്ഷ'യാണ്. അദ്ദേഹത്തോട് ചോദിച്ചാൽ മതി. വല്ലതും വഴിയുണ്ടാക്കാതിരിക്കയില്ല. ഇല്ലത്ത് നല്ല കോപ്പാണ്."

ഇതു് തങ്ങളെ പററിക്കുവാനുള്ള വിദ്യയാണെന്ന് അവർ ധരിച്ചില്ല. ഒരു ദരിദ്രക്കുട്ടിയെ കളിയാക്കുകയാണെന്ന് അവർ സംശയിച്ചതുപോലുമില്ല. അതിനാൽ 'അവശ്യത്തിനു ഔചിത്യമറിയാത്ത' അവരിൽ പ്രധാനി ആ ഉണ്ണിയുടെ അടുത്തുചെന്ന് ആദ്യത്തെ പ്രാൎത്ഥന ഒന്നുകൂടെ ആവൎത്തിച്ചു.

ഉണ്ണിയ്ക്ക് കാൎയ്യമെല്ലാം ക്ഷണേന മനസ്സിലായി. 'ആനയ്ക്കു ചിരട്ടകൊട്ടുകകയാണ്' ചെയ്തതെന്ന് മററക്കുട്ടികൾ ധരിച്ചില്ല. ഉണ്ണി പറഞ്ഞു—"നിങ്ങൾ തല്ക്കാലം ഈ പുലിനഖമോതിരം എടുത്തുകൊൾവിൻ. ഇതു കൊണ്ടുപോയി വിററുകിട്ടുന്ന പണംകൊണ്ടു് തല്ക്കാലാവശ്യം നടക്കട്ടെ. പിന്നെ ഇങ്ങോട്ടുവന്ന് എന്നെ കാണണം. കാണാതെ പൊയ്ക്കളയരുതു്."

'പുലിനഖമോതിരം' എന്നതു് സ്വൎണ്ണംകൊണ്ടു് പുലിനഖാകൃതിയിൽ പത്തുനാല്പതെണ്ണം ഉണ്ടാക്കിച്ചു് ചരടിൽ കോൎത്തു് ആൺകുട്ടികളുടെ കഴുത്തിൽ കെട്ടിക്കുന്ന ഒരു ആഭരണവിശേഷമാണ്. പുലിനഖമോതിരം പണ്ടു്, ശ്രീകൃഷ്ണൻ കുട്ടിയായിരുന്ന കാലത്തു കെട്ടിയിരുന്ന ഒരാഭരണമായി ഭാഗവതത്തിൽ വിവരിച്ചിരിക്കുന്നു. കൊടക്കടുക്കൻ, പുലിനഖമോതിരം, വള, ഏലസ്സ്, കാൽത്തള മുതലായ ആഭരണങ്ങളെല്ലാം പ്രാചീനകേരളത്തിൽ ആൺകുട്ടികൾ ധരിക്കുക പതിവായിരുന്നു.

ഒന്നാം ഖണ്ഡികയിൽ വിവരിച്ച ദരിദ്രബ്രാഹ്മണകുടുംബത്തിലെ ഏകസന്താനമായ ഉണ്ണിയായിരുന്നു ഈ ബ്രഹ്മചാരി. "പുളിക്കൽ ചെമ്പകശ്ശേരി" എന്നായിരുന്നു ഇല്ലപ്പേര്. സൈനികന്മാർ ഒരുവിധം സുഖമായി ആഹാരം കഴിച്ചു് തൃപ്തരായി ചെന്നതു് ഈ ചെമ്പകശ്ശേരി ഇല്ലത്തേയ്ക്കാണ്. അവർ അവിടെ എത്തി ഉണ്ണിയെക്കണ്ടു് പറഞ്ഞു:—

സൈനികനായകൻ—"അവിടുന്ന് ഞങ്ങളെ അത്യന്തസങ്കടത്തിൽ നിന്ന്, അല്ല; മരണത്തിൽനിന്നുകൂടി രക്ഷിച്ച ആളാണ്. അതിനാൽ ഞങ്ങളുടെ രക്ഷിതാവും തമ്പുരാനും അവിടുന്നുതന്നെ

യാകുന്നു. ഇനി മററൊരാളെ ആശ്രയിക്കുവാനും തമ്പുരാനെന്ന് വിളിക്കുവാനും ഞങ്ങളെക്കൊണ്ട് സാധിക്കുകയില്ല. ഞങ്ങൾ എന്തുചെയ്യണമെന്ന് കല്പിച്ചുകൊള്ളണം. ഏതു കല്പനയും അനുസരിക്കുവാൻ ഞങ്ങൾ തയ്യാർ തന്നെ.”

ഉണ്ണി—“നല്ല ശിക്ഷയായി; ഞാൻ എന്നെത്തന്നെ പുലത്തണ്ടതു എങ്ങിനെയാണെന്ന് നല്ല രൂപമില്ലാതിരിക്കുകയാണ്. ഇല്ലത്താണെങ്കിൽ ഇന്നത്തെ അത്താഴത്തിന്നുകൂടി അരിയില്ല. എങ്കിലും നിങ്ങൾ അങ്ങിനെ നിശ്ചയിച്ചിരിക്കുകയാണെങ്കിൽ ഞാനും അതു് സമ്മതിച്ചിരിക്കുന്നു.”

“ഇന്നു രാവിലെ കണ്ടില്ലേ ചില വികൃതിക്കുട്ടികളെ! അവരെല്ലാം നല്ല ധനികന്മാരും, ലവലേശം ധർമ്മമില്ലാത്തവരും, അട്ടുത്തുതന്നെ താമസക്കാരും ആണ്. നിങ്ങൾ അവരുടെ ഇല്ലങ്ങളിൽ കയറി അവരുടെ സൊത്തെല്ലാം എടുത്തുകൊണ്ടുവരണം. പിന്നത്തെ കാര്യം പിന്നെ ആലോചിക്കാം.”

ഇങ്ങിനെയാണ് ചെമ്പകശ്ശേരി ഇല്ലത്തെ ഉണ്ണി നമ്പൂതിരി രാജാവായതും രാജ്യഭരണം ആരംഭിച്ചതും.

ചെട്ടമാളൂരിന്റെ ഉത്ഭവം.

ഇയ്യാലത്തു് ഒരുദിവസം ഉണ്ണി അന്നു് നാടുവാണിരുന്ന തെക്കുംകൂർ രാജാവിന്റെ സന്നിധിയിൽ ചെന്നു് താൻ ഒരു ദരിദ്ര്യ ബ്രാഹ്മണബാലനാണെന്നും യാതൊരു ഗതിയും ഇല്ലെന്നും ഇരിക്കുവാൻ അല്പം സ്ഥലം കിട്ടിയാൽ ഉപകാരമായിരുന്നു എന്നുംമററും വിനയത്തോടുകൂടി അറിയിച്ചു. മഹാബലിപ്രഭാവനായ ആ രാജാവു് ‘വടു’വിന്റെ നയവഞ്ചകഭാവമേതും ശങ്കിക്കാതെ “ഒരുദിവസംകൊണ്ടു് വെട്ടിക്കിളച്ചെടുക്കാവുന്നെടുത്തോളം സ്ഥലം എവിടെയെങ്കിലും എടുത്തുകൊള്ളുക” എന്നു കല്പിച്ചു.

പുതിയിടത്തിൽ ഉണ്ണ്യാതിരിയായിരുന്നു രാജാവിന്റെ പ്രധാനമന്ത്രി. ബുദ്ധിമാനായ ആ ശുക്രാചാര്യർക്ക് ഇതിൽ ചില സംശയങ്ങൾ തോന്നാതിരുന്നില്ല. “ഉണ്ണി സാമാന്യക്കാരനാണെന്നു് തോന്നുന്നില്ല; ഇതിൽ ഏതോ ചതി ഉണ്ടായേക്കുവാനും മതി; നീട്ടുകൊടുക്കുന്നതു് സൂക്ഷിച്ചുവേണം” എന്നെല്ലാം അദ്ദേഹം തിരുമനസ്സറിയിച്ചുനോക്കി. എങ്കിലും ഒരിക്കൽ പറഞ്ഞുപോയതു് എന്തുതന്നെ സംഭവിച്ചാലും മടക്കി എടുക്കുന്ന സ്വഭാവക്കാരനല്ലായിരുന്നു ആ തമ്പുരാൻ. അതിനാൽ അതു് “ദത്താപഹാരം” കൂടാതെ അങ്ങിനെതന്നെ നടന്നു. പിറേറദിവസം കാലത്തു് ഉണ്ണിയാകട്ടെ ഒരു ഉടവാളുമെടുത്തു് വെട്ടിയും കുത്തിയുംകൊണ്ടു്, ആ കാലത്തു് “കുമാരനല്ലൂർ പടിഞ്ഞാറുംഭാഗം” എന്നു് പറഞ്ഞുവന്നിരു-

ന്ന പ്രദേശത്തിന്നു ചുററും ഒന്നു പ്രദക്ഷിണമായി നടന്നു. ഈ പ്രദേശത്തെ തന്റെ സൈനികബലംകൊണ്ടു് ആ ഉണ്ണി കൈവശപ്പെടുത്തുകയും ചെയ്തു. ഉടവാളുകൊണ്ടു് വെട്ടിപ്പിടിച്ച ദേശമാകയാൽ ഈ സ്ഥലത്തിന്നു് "ഉടവാളൂരു്" എന്നു പേരിട്ടു. ഈ ഉടവാളൂരാണു് ക്രമേണ "കൊട്ടമാളൂർ" ആയിത്തീൎന്നതു്.

ചെമ്പകശ്ശേരിരാജ്യം.

അതിന്നുശേഷം ഉണ്ണി തന്റെ ഭടന്മാരുടെ സഹായത്തോടുകൂടി ആ സ്ഥലത്തു് ഒരു ഇല്ലവും ആ പ്രദേശത്തിന്നുചുററും ഒരു കോട്ടയും പണിചെയ്യിച്ചു് തന്റെ താമസം അങ്ങോട്ടുമാററി. എന്നുമാത്രമല്ല, തന്റെ ആളുകൾ കൊള്ളചെയ്തുകൊണ്ടുവന്ന അനവധി ധനംകൊണ്ടു് അദ്ദേഹം അവിടെ അങ്ങിനെ ഒരു തസ്കരപ്രമാണിയായി പാൎത്തുവന്നു. "പുളിക്കൽ ചെമ്പകശ്ശേരി തമ്പുരാൻ" എന്നാണു് നാട്ടുകാർ അദ്ദേഹത്തെ വിളിച്ചുവന്നിരുന്നതു്. ക്രമേണ 'പുളിക്കൽ' ലോപിച്ചുപോയി; ചെമ്പകശ്ശേരി തമ്പുരാൻ ചെമ്പകശ്ശേരിരാജാവായും തീൎന്നു.

ചെമ്പകശ്ശേരിമഠം.

വേമ്പനാട്ടുകായലിന്റെ പടിഞ്ഞാറെക്കരയിൽ അക്കാലത്തു് "വേമ്പനാട്ടു്" എന്നു പേരായി ഒരു ചെറുരാജ്യം ഉണ്ടായിരുന്നു. വേമ്പനാട്ടുരാജാവായിരുന്നു ആ രാജ്യം ഭരിച്ചുവന്നിരുന്നതു്. മേൽ വിവരിച്ച സംഭവങ്ങൾക്കുശേഷം ചെമ്പകശ്ശേരിരാജാവിന്റെ സൈന്യങ്ങൾ ആ വേമ്പനാട്ടുരാജാവിനെ തോല്പിച്ചു് അദ്ദേഹത്തിന്റെ രാജ്യമെല്ലാം ഉടവാളൂരിനോടു ചേൎത്തു. ചെമ്പകശ്ശേരിരാജാവിന്റെ തലസ്ഥാനം തദനന്തരം അങ്ങോട്ടു മാററുകയും ചെയ്തു. അതുമുതൽ ആ രാജാവിന്റെ കീഴിലുള്ള രാജ്യം "ചെമ്പകശ്ശേരിരാജ്യം" എന്ന പേരിൽ സുപ്രസിദ്ധമായും തീൎന്നു.

ചെമ്പകശ്ശേരിരാജാവിന്റെ, അല്ലെങ്കിൽ പുളിക്കൽ ചെമ്പകശ്ശേരി നമ്പൂതിരിയുടെ ഗൃഹത്തിന്നു് "മഠം" എന്നായിരുന്നു. പറഞ്ഞുവന്നിരുന്നതു്. കുടമാളൂരിൽ പണിചെയ്യിക്കപ്പെട്ട ഗൃഹവും "ചെമ്പകശ്ശേരിമഠം" തന്നെ ആയിരുന്നു. മേൽ വിവരിക്കപ്പെട്ട ഉണ്ണിക്കു് പുരുഷപ്രാപ്തിവന്നതിന്നുശേഷം വിവാഹംകഴിച്ചു് ഈ ചെമ്പകശ്ശേരിമഠത്തിൽത്തന്നെയാണു് കുടിവച്ചതും. രാജധാനി ചെമ്പകശ്ശേരിക്കു മാററിയതിന്നു ശേഷവും അന്തൎജ്ജനങ്ങൾ താമസിച്ചുവന്നതു് ഈ ഉടവാളൂർ ചെമ്പകശ്ശേരിമഠത്തിൽത്തന്നെയായിരുന്നു. രാജാവു് അവിടേയും ഇവിടേയും മാറിമാറി താമസിച്ചുകൊണ്ടും ഇരുന്നു.

ഇങ്ങിനെ കാലം കുറെ കഴിഞ്ഞപ്പോൾ ചെമ്പകശ്ശേരി രാജാവിൻെറ നല്ലകാലത്തിന്നു് ഏതാണ്ടൊരു ഭേദഗതി സംഭവിച്ചു തുടങ്ങിയതുപോലെ കണ്ടുതുടങ്ങി. അദ്ദേഹത്തിന്നു് ഏതാനും അനിഷ്ടസംഭവങ്ങൾ ഉണ്ടാകുവാൻ ഇടയായി. ഇതു് കുമാരനല്ലൂർ ഭഗവതിയുടെ കോപംനിമിത്തമാണെന്നാണു് അദ്ദേഹം നിശ്ചയിച്ചതു്. അതിന്നു വേണ്ട പരിഹാരമാർഗ്ഗങ്ങളെപ്പററി ആലോചനയായി. രാജാവിൻെറ ഈ ക്ഷീണബുദ്ധിനിമിത്തം മററു ചില കുഴപ്പങ്ങൾകൂടിയും ഉണ്ടാകാതിരുന്നില്ല.

കാലഗതി.

കുമാരനല്ലൂർ ക്ഷേത്രം പണ്ടും ഒരു ഊരാണ്മക്ഷേത്രമായിരുന്നു. പല ഇല്ലങ്ങളിലേയ്ക്കുംകൂടിയായിരുന്നു ഊരാണ്മാവകാശം. പുളിക്കൽ ചെമ്പകശ്ശേരി ഇല്ലവും അതിൽപെട്ട ഒന്നായിരുന്നു എന്നേയുള്ളൂ. ഉണ്ണിയുടെ ഭടന്മാർ നശിപ്പിച്ചതും ക്ഷയിപ്പിച്ചതും ആയ പല ഇല്ലക്കാരും ഊരാണ്മാവകാശം ഉള്ളവർതന്നെയായിരുന്നു. ഇല്ലങ്ങൾ നിശ്ശേഷം നശിച്ചതോടുകൂടി അവരുടെ അവകാശവും നിന്നുപോയി എന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. ബാക്കിയുള്ള ഊരാണ്മക്കാർക്കു് ഇതു് വലിയ സങ്കടമായി തോന്നി. മാത്രമല്ല അവർ യോഗംകൂടി ചെമ്പകശ്ശേരി ഇല്ലത്തേയ്ക്കുള്ള അവകാശം ദുർബ്ബലപ്പെടുത്തുകയും "ചെമ്പകശ്ശേരിനമ്പൂതിരി അമ്പലത്തിൽ കടന്നുകൂടാ" എന്ന ഒരു ഭ്രഷ്ട് കല്പിക്കുകയും ചെയ്തു. ഇക്കാലത്തു് കുമാരനല്ലൂർക്ഷേത്രത്തിൻെറ വടക്കേനടയിൽ മതിലിനോടു ചേൎന്നു ചെമ്പകശ്ശേരി ഇല്ലത്തേയ്ക്കുണ്ടായിരുന്ന ഒരു മഠം അവർ അവരുടെ കോപാഗ്നിക്കു് ഇരയാക്കി ദഹിപ്പിച്ചുകളഞ്ഞു. ആ മഠം സ്ഥിതിചെയ്ത സ്ഥലത്തിന്നു് "പുളിക്കൽമഠത്തിൽപുരയിടം" എന്നാണു് ഇന്നും പേരുപറഞ്ഞുവരുന്നതു്.

ഇതെല്ലാംകൊണ്ടാണു് ചെമ്പകശ്ശേരിരാജാവു് കുമാരനല്ലൂർ കാത്യായനിയുടെ കോപം മനസ്സിലാക്കിയതു്. താൻ ചെയ്തതും ചെയ്യിച്ചതും ആയ ദുഷ്കൎമ്മങ്ങൾക്കു് പ്രായശ്ചിത്തമായും ദേവിയുടെ പ്രീതിക്കായും നടയ്ക്കൽ വിളിച്ചു ചൊല്ലുവാനും ഒരു ആനയെ നടയ്ക്കിരുത്തുവാനും അദ്ദേഹം നേൎന്നു. എന്നാൽ ഇതിന്നായി ചെന്ന സമയം തമ്പുരാനെ ക്ഷേത്രത്തിന്നുള്ളിൽ പ്രവേശിപ്പിക്കുവാൻ ക്ഷേത്രാധികാരികൾ സമ്മതിച്ചില്ല. അമ്പട! അവരുടെ ധിക്കാരം! ക്ഷാത്രവീൎയ്യനായ ആ ബ്രാഹ്മണപ്രഭുവോടോ ഇതെല്ലാം ഫലിക്കുന്നതു്. അദ്ദേഹം ഇതു കണ്ടപ്പോൾ അത്യന്തം കുപിതനായിത്തീൎന്നു; എങ്കിലും ഇപ്പോൾതന്നെ കോപിച്ചിരിക്ക

ചെമ്പകശ്ശേരിയുടെ പശ്ചാത്താപം.

ന്ന ദേവി, ഇനിയും ഇതിലധികവും കോപിച്ചെങ്കിലോ എന്നു ഭയ പ്പെട്ടു് കോപത്തെ അമൎത്തുകയാണു ചെയ്തതു്. നടയ്ക്കിരുത്തുവാൻ കൊണ്ടുവന്ന ആനയെ നെററിപ്പട്ടം മുതലായവകൊണ്ടലങ്കരിച്ചു് മ തിലകത്തേയ്ക്കു കടത്തിവിട്ടശേഷം പുറത്തിരുന്നു പ്രായശ്ചിത്തകൎമ്മ ങ്ങൾ നടത്തി അദ്ദേഹം മടങ്ങിപ്പോയി.

ആ ആനയെ കെട്ടിച്ചു വിട്ടതലയിൽകെട്ടു് ഇന്നും കുമാരന ല്ലൂർക്ഷേത്രഭണ്ഡാരത്തിൽ സൂക്ഷിച്ചിരിപ്പുണ്ടു്. അതിൻെറ പണി കൊണ്ടുതന്നെ അതു് അമ്പലപ്പുഴ പണിചെയ്തിട്ടുള്ളതാണെ ന്നു മനസ്സിലാക്കാം. മാത്രമല്ല, അതിന്മേൽ "ചെമ്പകശ്ശേരിവക" എന്നു് എഴുതിവച്ചിട്ടുമുണ്ടു്. ഈ തലയിൽകെട്ടു് കണിക്കും ഉത്സ വത്തിന്നും ഇപ്പോഴും പുറത്തിറക്കപതിവാണു്.

ഇങ്ങിനെ ഒന്നാമത്തെ ചെമ്പകശ്ശേരിരാജാവായ മഹാപുരു ഷൻെറ സീമന്തപുത്രനാണു് ചരിത്രപ്രസിദ്ധനും മഹാമതിമാനും ഗാംഭീൎയ്യാശയനുമായ "പൂരാടംതിരുനാൾ" തി രുമേനി. അവിടെനിന്നല്പംകഴിഞ്ഞു് ചെമ്പ കശ്ശേരിരാജ്യം വാണിരുന്ന ഒരു രാജാവിന്നു് ദി വസേന ഉച്ചയ്ക്കു ഭക്ഷണത്തിന്നു മുമ്പായി ഒരു ബ്രാഹ്മണനെക്കൊണ്ടു ഭാരതം വായിപ്പിച്ചു കേൾ ക്കുന്ന ഒരു പതിവുണ്ടായിരുന്നു. പതിവു മാത്രമല്ല, അതു ക്രമേണ ഒരു വ്രതംപോലെയായിത്തീൎന്നു. ഭാരതംകേട്ടേ ഭക്ഷണംകഴിക്കൂ എന്ന മട്ടായി. അതിനാൽ ഇതിലേയ്ക്കായി ഒരു ഭാരതശാസ്ത്രിക ളെ നിയമിച്ചുമിരുന്നു. ഒരുദിവസം ഈ വാദ്ധ്യാർബ്രാഹ്മണൻ പതിവുപോലെ ഭാരതം വായിച്ചു കേൾപ്പിച്ചശേഷം, പിറേറദിവ സം സമയത്തിന്നു് എത്തിച്ചേരാം എന്നുള്ള വിശ്വാസത്തോടുകൂ ടി എവിടേയോ പോയി. പക്ഷെ വിചാരിച്ചതുപോലെ വന്നു ചേരുവാൻ അദ്ദേഹത്തെക്കൊണ്ടു സാധിച്ചില്ല. രാജാവാകട്ടെ കുളിയും തേവാരവും കഴിച്ചു് പതിവുപോലെ ഭാരതംകേൾക്കുവാൻ വന്നിരിപ്പായി. ഇരുന്നിരുന്നു് വിഷമിച്ചു. ശമ്പളക്കാരൻശാ സ്ത്രിയെ കാണായ്കനിമിത്തം പകരത്തിന്നു് ഏതെങ്കിലും ഒരു ബ്രാഹ്മ ണനെ കൂട്ടിക്കൊണ്ടുവരുവാൻ കല്പനയായി. ഹരിക്കാരന്മാർ നാലു പാടും ഓടിനടന്നു നോക്കിയപ്പോഴുണ്ടു് ഒരു മലയാളബ്രാഹ്മണൻ മണ്ഡപത്തിൽ ഇരുന്നു ജപിക്കുന്നു. അദ്ദേഹത്തെ പിടികൂടി രാജ സന്നിധിയിൽ ഹാജരാക്കി.

ചെമ്പകശ്ശേരിരാജാവും മേപ്പത്തൂർ ഭട്ടതിരിയും.

രാജാവു് — നമ്പൂതിരിയെ നോക്കി കൂട്ടിവായിക്കുവാനറി യാമൊ?

നമ്പൂതിരി — കുറേശ്ശ അറിയാം.

രാജാവു്—എന്നാൽ കേൾക്കട്ടെ, വായിക്കു.

എന്നു പറഞ്ഞുകൊണ്ടു് ഭാരതം ഗ്രന്ഥമെടുത്തു് നമ്പൂതിരിയുടെ കയ്യിൽ കൊടുത്തു. നമ്പൂതിരി വണക്കത്തോടുകൂടി ഗ്രന്ഥം അഴിച്ചു് വായനയും തുടങ്ങി. കർണ്ണപർവ്വത്തിൽ ഭീമസേനൻെറ മുമ്പോട്ടുള്ള കയററം വർണ്ണിക്കുന്ന ഘട്ടത്തിൽ,

"ഭീമസേനഗദാത്രസ്താ ദുര്യോധനവരൂഥിനീ
ശിഖാഖാവ്വാടകസ്യേവ കർണ്ണമൂലമുപാശ്രിതാ."

എന്ന ഒരു ശ്ലോകം "കൂട്ടി"വായിച്ചു ഭാരതത്തിൽ ഇല്ലാത്തതായ ആ ശ്ലോകം കേട്ടപ്പോൾ, അതു് കഷണ്ടിത്തലയനായ തന്നെ കളിയാക്കുവാനായി വായനക്കാരൻ നമ്പൂതിരി ഉണ്ടാക്കി കൂട്ടിച്ചേർത്തു് വായിച്ചതാണെന്നു് രാജാവിന്നു് മനസ്സിലായി. അതിനാൽ—

രാജാവു്—"അങ്ങു് മേപ്പത്തൂരല്ലേ?" എന്നു് നിസ്സംശയം ചോദിച്ചു. ഭട്ടതിരി രാജാവിനെ സന്തോഷിപ്പിക്കുവാനായി ഉടനേതന്നെ ഇങ്ങിനേയും കൂടി ചേർത്തു:—

"അവ്യഞ്ജനസ്താർക്ഷ്യകേതു ത്വൽപദംഘടയിഷ്യതി.
തത്തേഭവതുകല്പാന്തം ദേവനാരായണപ്രഭോ!"

ഭട്ടതിരിയെ അടുത്തു കിട്ടിയതുകൊണ്ടു രാജാവു് വളരെ സന്തോഷിച്ചു. എന്നുമാത്രമല്ല, അദ്ദേഹത്തെ അവിടെ കുറേക്കാലം താമസിപ്പിക്കുകകൂടിയും ചെയ്തു.

ഭട്ടതിരിയുടെ ചെമ്പകശ്ശേരി കൃതികൾ

"പ്രക്രിയാസർവ്വസ്വം" എന്ന വ്യാകരണഗ്രന്ഥം ഭട്ടതിരി ഇവിടെവെച്ചു് ഉണ്ടാക്കിയതാണു്. ഇക്കാലത്തു് ഒരു നാടകം ഉണ്ടാക്കിയാൽ കൊള്ളാമെന്നു് രാജാവും അഭിനയിച്ചു ഫലിപ്പിച്ചുകൊള്ളാം എന്നു്, അതിസമർത്ഥനായി അക്കാലത്തു് അവിടെ ഉണ്ടായിരുന്ന ചാക്യാരും അപേക്ഷിക്കുകയും ഉൽബോധിപ്പിക്കുകയും ചെയ്തിട്ടും ആ മഹാകവി, അതിന്നു് വഴിപ്പെട്ടില്ലെന്നാണു പറയപ്പെട്ടിട്ടുള്ളതു്. നാടകമെഴുതുവാൻ വേണ്ട യോഗ്യത തനിക്കില്ലെന്നായിരുന്നു ആ മഹാകവിയുടെ വിശ്വാസം. എങ്കിലും രാജാവിൻെറ അവശ്യപ്രകാരം സുഭദ്രാഹരണം, ദൂതവാക്യം, രാജസൂയം, നൃഗമോക്ഷം, നിരനുനാസികം, മത്സ്യാവതാരം തുടങ്ങി പത്തു ചമ്പൂഗ്രന്ഥങ്ങൾ ഭട്ടതിരി ഉണ്ടാക്കിയതായും രാജാവിൻെറ ശാസനപ്രകാരം ആ പത്തു് പ്രബന്ധങ്ങളും ചാക്യാർ അഭിനയിച്ചതായും കേട്ടുകേൾവിയുണ്ടു്. സംസ്കൃതചമ്പുക്കൾക്കു പ്രചാരം വർദ്ധിച്ചതു് ഇതിന്നു ശേഷമാകുന്നു.

ഈ രാജവംശം നാലഞ്ചു തലമുറക്കാലത്തിലധികം നീണ്ടുനി

രാജസേവയുടെ ഫലം.

ന്നില്ല. ഒടുവിൽ ആ രാജ്യം മാൎത്താണ്ഡവൎമ്മമഹാരാജാവു് പിടിച്ചടക്കി തിരുവിതാംകൂറിനോടു ചേൎത്തു. അക്കാലത്തു് ചെമ്പകശ്ശേരിരാജ്യം വാണിരുന്നതു് ശുദ്ധാത്മാവും, എന്നാൽ മുൻകോപിയും സൽബുദ്ധിയും എന്നാൽ അവിവേകിയും ആയ ഒരു രാജാവായിരുന്നു. കാളപെററു എന്നു കേട്ടാൽ ഉടൻ കയറെടുക്കുവാൻ കല്പിക്കുന്ന ഒരു സ്വഭാവക്കാരനായിരുന്നു അദ്ദേഹം. കളിയിൽ താല്പൎയ്യവും സേവന്മാരിൽ വിശ്വാസവും അദ്ദേഹത്തിന്നു് കുറെ കൂടുതലായിരുന്നുതാനും. അതൊരു സമുചിതാവസരമായി ബുദ്ധിമാനായ മാൎത്താണ്ഡവൎമ്മമഹാരാജാവു് കരുതി—"അമ്പലപ്പുഴമണ്ണു് നല്ല ഫലപുഷ്ടിയുള്ളതാണെന്നു കേട്ടിട്ടുണ്ടു്. അതിന്റെ ഗുണം അറിഞ്ഞാൽ കൊള്ളാമെന്നാഗ്രഹിക്കുന്നു. അതിന്നു് എപ്പോഴാണു ഞാൻ അങ്ങോട്ടു വരേണ്ടതു്" എന്ന അൎത്ഥത്തിൽ ഒരു കത്തെഴുതി അയച്ചു. ചെമ്പകശ്ശേരിരാജാവു് അതുകണ്ടു് അതിന്നു തക്കതായ ഒരു മറുപടി എഴുതി അയയ്ക്കുവാൻ മന്ത്രിയായ മാത്തൂൎപ്പണിക്കരെ ഏല്പിച്ചു. ആ മന്ത്രിസത്തമൻ "അതിന്നായി ഇങ്ങോട്ടുവന്നു് മിനക്കെടേണ്ട ആവശ്യമില്ലെന്നും ഒരു കുട്ടയും പണവുംകൊടുത്തു് ആളെ അയച്ചാൽ കുറച്ചുമണ്ണു് കൊടുത്തയക്കാം" എന്നും അൎത്ഥം വരുന്നവിധത്തിൽ ഒരു മറുപടി എഴുതികൊടുത്തയയ്ക്കുകയും ചെയ്തു. രാജാവിന്റെ എഴുത്തിലെ സാരം (അമ്പലപ്പുഴരാജ്യം തനിക്കു് വിട്ടുതരണമെന്നും അതു് എന്നാണെന്നു് അറിയിക്കണമെന്നും) മന്ത്രിയും, മന്ത്രിയുടെ മറുപടിയുടെ സാരം (രാജ്യം വിട്ടുതരുവാൻ ഒരുക്കമില്ലെന്നും അതിന്നായി പുറപ്പെടേണ്ട ആവശ്യം ഇല്ലെന്നും) മാൎത്താണ്ഡവൎമ്മമഹാരാജാവും മനസ്സിലാക്കി. അതു കണ്ടപ്പോൾ കോപത്തിന്നു പകരം, മാത്തൂൎപ്പണിക്കരുടെ ബുദ്ധിസാമൎത്ഥ്യത്തെപ്പററി തിരുമേനിക്കു് ബഹുമാനമാണുണ്ടായതു്. അതിനാൽ സമൎത്ഥനായ മന്ത്രി മാത്തൂർപണിക്കരെ തനിക്കൊന്നു് കണ്ടാൽകൊള്ളാം എന്നുണ്ടെന്നും അതിന്നായി അദ്ദേഹത്തെ തിരുവനന്തപുരത്തേയ്ക്കു് ഒന്നു പറഞ്ഞയയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടു് മാൎത്താണ്ഡവൎമ്മമഹാരാജാവു് വീണ്ടും ചെമ്പകശ്ശേരിരാജാവിന്നു് ഒരു കത്തയച്ചു. ഈ കത്തു കണ്ടപ്പോൾ ആ തിരുമേനിക്കു് പലപല സംശയങ്ങളും ജനിക്കാതിരുന്നില്ല. അതിനാൽ അദ്ദേഹം പണിക്കരെ വരുത്തി, കത്തു് കയ്യിൽകൊടുത്തു പറഞ്ഞു—

രാജാവു—"കണ്ടില്ലെ കത്തു്. പണിക്കർ ചാട്ടിയ കുന്തംകൊണ്ടു് പന്നിക്കു് മുറിവേററിരിക്കുന്നു എന്നാണു് തോന്നുന്നതു്. അൎത്ഥം കുറച്ചു് കടുപ്പമാണു്. പോകുന്നതു് സൂക്ഷിച്ചുവേണം."

മന്ത്രി—"വരുന്നതുവരട്ടെ; വിടകൊള്ളാതിരിക്കുന്നതല്ല പൂരുഷധർമ്മം എന്ന് അടിയൻ വിചാരിക്കുന്നു."

രാജാവു്—"എന്നാൽ ഇഷ്ടംപോലെയായിക്കൊള്ളൂ. സൂക്ഷിക്കണം."

പണിക്കർ അന്നുതന്നെ പുറപ്പെട്ടുകഴിഞ്ഞു. മാർത്താണ്ഡവർമ്മ മഹാരാജാവു് പണിക്കരെ വളരെ ഔദാര്യത്തോടുകൂടിയാണ് സ്വീകരിച്ചതു്. തന്റെ കാര്യംകാണുന്നതിന്ന് ഉത്തമമാർഗ്ഗം അതായിരിക്കുമെന്ന് കരുതിയായിരിക്കാം പക്ഷെ. ഏതായാലും കാര്യം പരിണമിച്ചതു് അതുപോലെതന്നെയാണ്. വിശ്വവിശ്രുതനായ മാർത്താണ്ഡവർമ്മ മഹാരാജാവു് രണ്ടുകൈകൾക്കും കല്പിച്ചുകൊടുത്ത വീരശൃംഖലകളോടുകൂടി പണിക്കർ ചെമ്പകശ്ശേരിയിൽ തിരിച്ചെത്തിയസമയം, "ഇങ്ങിനി വരാതവണ്ണം പോയാർ തെക്കോട്ടേയ്ക്കവർ" എന്ന് വിചാരിച്ചു് ദുഃഖിച്ചുകൊണ്ടിരുന്ന ചെമ്പകശ്ശേരി നാട്ടുകാർക്ക് അതിയായ സന്തോഷവും അത്ഭുതവും ഉണ്ടായി. എന്നാൽ ശകുനികൾ എന്നും എവിടെയും ഉണ്ടല്ലൊ. അവർക്ക് ഇതു രസമായില്ല. പണിക്കരിൽ അസൂയാലുക്കളും പൊതുവിൽ ദുഷ്ടബുദ്ധികളും ആയിരുന്ന ആ രാജസേവകന്മാർ വിവേകംകുറഞ്ഞ രാജാവിന്റെ ചുറവുംകൂടി—"പണിക്കർ അമ്പലപ്പുഴരാജ്യം മാർത്താണ്ഡവർമ്മമഹാരാജാവിന്ന് കയ്യടപ്പെടുത്തികൊടുക്കാമെന്നേറ്റു് സമ്മാനംവാങ്ങി വന്നിരിക്കുകയാണ്" എന്നുംമറ്റും കുശുകുശുപറഞ്ഞുരാജാവിനെ വിശ്വസിപ്പിച്ചു. ശുദ്ധാത്മാവെങ്കിലും സാഹസബുദ്ധിയായ രാജാവകട്ടെ ഈ കുസൃതിക്കാരുടെ ഏഷണിവാക്കുകൾകേട്ടു്, വിശ്വസിച്ചു്, ബുദ്ധിമാനും സമർത്ഥനുമായ പണിക്കരെ പിടിച്ചുകെട്ടി കടലിൽ താഴ്ത്തിക്കളയുവാൻ കല്പനകൊടുത്തു. അതുകേൾക്കേണ്ട താമസം, രാജസേവകന്മാർ അതുപ്രകാരംതന്നെ പ്രവൎത്തിക്കുകയും ചെയ്തു. ഇങ്ങിനെ ആ രാജ്യത്തിന്ന് ഒരു കാര്യവിചക്ഷണനും, കർമ്മകുശലനും ധീരോദാത്തനും സ്വരാജ്യസ്നേഹിയും ആയ മന്ത്രിസത്തമൻ അന്യായവും അക്രമവും ക്രൂരവും പൈശാചികവും ആയ വിധത്തിൽ നഷ്ടപ്പെട്ടുപോകുകയും, ചെമ്പകശ്ശേരിക്കുണ്ടായ ഈ നഷ്ടം തിരുവിതാംകൂറിന്ന് ഒരു ലാഭമായി പരിണമിക്കുകയും ചെയ്തു.

ഇങ്ങിനെ അവിവേകംനിമിത്തം പല അക്രമങ്ങളും അനീതികളും ഇദ്ദേഹം പ്രവൎത്തിക്കുക ഉണ്ടായിട്ടുണ്ടു്. ഈ രാജാവിനെ തോല്പിച്ചു് ചെമ്പകശ്ശേരിരാജ്യം പിടിച്ചടക്കുവാൻ മഹാസമർത്ഥനും അതിബുദ്ധിമാനും ആയ രാമയ്യൻദളവയ്ക്കു് ഒരു പ്രയാസവും ഉണ്ടായില്ല. ഇങ്ങിനെ ആ രാജ്യം തിരുവിതാംകൂറിനോടു് ചേ

ത്തിന്നുശേഷം ഒടുവിൽ ആ രാജവംശത്തിൽ ഒരു തമ്പുരാട്ടിമാത്രമായി ശേഷിക്കുകയും ആ ഭാഗ്യവതി കൊടുമാളൂരിൽവെച്ച് ഉദ്ദേശം എഴുപതാമാണ്ടിനിടയ്ക്കുണ്ടാണ്ടു് തീപ്പെട്ടുപോകുകയും ചെയ്തു.

"വേലിയാംകോൽ" എന്നുപേരായ ഒരു ഇല്ലത്തിൽനിന്ന് ദത്തെടുക്കപ്പെട്ടവരാണ് ഇന്ന് കൊടുമാളൂർഗൃഹത്തിലുള്ളതു്. അമ്പലപ്പുഴക്ഷേത്രകാൎയ്യങ്ങളിൽ രാജാവിന്റെ സ്ഥാനം ഇപ്പോൾ തിരുവിതാംകൂർ രാജാവിന്റെ പ്രതിനിധിയായി നടത്തിപ്പോരുന്നതു് തെക്കേടത്തു് ഭട്ടതിരിയും ആകുന്നു.

---

## ഇംഗ്ലണ്ടിലെ പ്രസിദ്ധീകരണശാലകൾ.

---

(വൈക്കം ചന്ദ്രശേഖരൻപിള്ള.)

ഗ്രന്ഥശാലകളെ സംരക്ഷിക്കുന്നതിനും സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും ഇംഗ്ലണ്ടിൽ ഉള്ളവൎക്കു പൌരസ്ത്യദേശീയരെക്കാൾ കൂടുതൽ സൌകൎയ്യങ്ങൾ ഉണ്ടെന്നുള്ള സംഗതി സുപ്രസിദ്ധമാകുന്നു. പ്രതിവൎഷം ഇംഗ്ലീഷു പ്രസിദ്ധീകരണശാലകളിൽനിന്നും പുറത്തിറങ്ങുന്ന ഗ്രന്ഥങ്ങളുടെ ശരിയായ ഒരു കണക്കു് പരിശോധിക്കുന്നപക്ഷം നമ്മൾക്കു് വളരെ അത്ഭുതം ഉണ്ടാകുന്നതാണ്. യാതൊരുഗതിയും ഇല്ലാതെ അലഞ്ഞുതിരിഞ്ഞു നടന്നിരുന്ന പലരും പ്രസിദ്ധീകരണശാലകൾ സ്ഥാപിച്ചു കോടീശ്വരന്മാരായിത്തീൎന്ന കഥകൾ പലരുടെയും ജീവിതചരിത്രങ്ങളിൽനിന്നും ഗ്രഹിക്കാവുന്നതാകുന്നു.

ഇംഗ്ലണ്ടിലെ പ്രസിദ്ധീകരണശാലകൾ മിക്കവാറും ഒരു വ്യക്തിയുടെ സ്വന്തം പരിശ്രമത്തിൽ നിന്നും ഉളവായിട്ടുള്ളതല്ല. പലരുംകൂടി ഒത്തുചേൎന്നു കമ്പനികൾ സ്ഥാപിച്ചാണു പ്രസിദ്ധീകരണശാലകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. നല്ലനല്ല കൃതികൾക്കു ആയിരമോ രണ്ടായിരമോ പവൻ പ്രതിഫലം കൊടുക്കുവാനുള്ള ധനസ്ഥിതി അവിടങ്ങളിലെ മിക്ക പ്രസിദ്ധീകരണശാലകൾക്കുമുണ്ടു്. സുപ്രസിദ്ധന്മാരായ സാഹിത്യകാരന്മാരെ ധനവാന്മാരാക്കുകമാത്രമല്ല, സാധുക്കളെങ്കിലും യഥാൎത്ഥസാഹിത്യചാതുൎയ്യമുള്ളവരെ പ്രോത്സാഹിപ്പിക്കുകയെന്നതും അവിടങ്ങളിലെ പ്രസിദ്ധീകരണശാലക്കാരുടെ കടമയാണെന്നു അവർ നല്ലതുപോലെ ധരിച്ചിട്ടുണ്ടു്. പ്രാചീനകൃതികളെ ഭംഗിയായി അച്ചടിക്കുക, അവയ്ക്കു പ്ര

ചർണം ലഭിക്കത്തക്കവിധത്തിൽ നിരൂപണങ്ങളും വ്യാഖ്യാനങ്ങളും എഴുതിച്ചു് പ്രചരിപ്പിക്കുകയെന്നുള്ള സംഗതികളിൽ രൂഢമൂലമായ നിഷ്കർഷയത്രെ പ്രസിദ്ധീകരണശാലക്കാർ പ്രകടിപ്പിച്ചുവരുന്നതു്. ഇക്കാരണത്താൽ അർവ്വാചീനസാഹിത്യകാരന്മാർക്കുള്ളതിനേക്കാൾ വിഖ്യാതിയും മതിപ്പും പ്രാചീനഗ്രന്ഥകർത്താക്കന്മാർക്കു സുലഭമായി ലഭിക്കുന്നു. സർ വാൾട്ടർസ്കാട്ടും, വില്യംഷേക്‌സ്പീയറും, ജാൺമിൽട്ടനും മററും അവരുടെ ജീവിതകാലങ്ങളിൽ ഉദ്ദേശിച്ചിട്ടില്ലാത്തവിധത്തിൽ ഇന്നുകീർത്തനീയരായിത്തീർന്നിട്ടുള്ളതു് ആംഗ്ലേയഗ്രന്ഥപ്രസിദ്ധീകരണശാലക്കാരുടെ അനിതരസാധാരണമായ വ്യവസായപാടവത്തിൻെറ മിടുക്കുകൊണ്ടുതന്നെയാണെന്നു അക്കാണു് അറിയാൻപാടില്ലാത്തതു്. ഷേക്‌സ്പീയർ തുടങ്ങിയ കവികൾ അവരുടെ കൃതികൾ എഴുതിയകാലത്തു് ഒരിക്കലും അവരുടെ സാഹിത്യപ്രയത്നം ധനാഗമമാർഗ്ഗങ്ങളിൽ ഒന്നാണെന്നു് വിചാരിച്ചിട്ടില്ല. ഷേക്‌സ്പീയർ തൻെറ പ്രധാന നാടകമായ "ഒത്തല്ലൊ" എന്ന നാടകത്തിൽ നിന്നും ലഭിച്ചിട്ടുള്ള ആദായം കേവലം ൫൦ പവൻ മാത്രമാണെന്നും അദ്ദേഹത്തിൻെറ കാലശേഷം പ്രസ്തുതനാടകം പലരൂപങ്ങളിലും അടിച്ചു പുറത്തിറക്കിയ "ജാൺബെൽസ്" കമ്പനിക്കാർക്കു് അതിൽനിന്നും ലഭിച്ച ആദായം ൫൦൦൦൦ പവനാണെന്നും പറയപ്പെടുന്നു. ഇതുപോലെ നോക്കുകയാണെങ്കിൽ അദ്ദേഹത്തിൻെറ നാടകങ്ങൾകൊണ്ടു് കുബേരന്മാരായിത്തീർന്നിട്ടുള്ള പ്രസിദ്ധീകരണശാലക്കാരുടെ സംഖ്യ ക്രമാതീതമാണു്. ഇതിനും പുറമെ ഇപ്പോൾ ജീവിച്ചിരിക്കുന്ന യഥാർത്ഥസാഹിത്യകാരന്മാരുടെ ജീവിതത്തോതിനെ ഉയർത്തിയിട്ടുള്ളതും പ്രസിദ്ധീകരണശാലക്കാരല്ലാതെ മററാരുമല്ല.

ഓരോരോ മാസികാപത്രങ്ങൾക്കുള്ള ലേഖനങ്ങൾ എഴുതിക്കുന്നതിനും പുറമെ അവയെ വൃത്തിയായി നല്ല മേനിക്കടലാസിൽ അച്ചടിപ്പിച്ചു് വിതരണം ചെയ്യുക എന്ന ഭാരം പ്രസിദ്ധീകരണക്കാർതന്നെ നേരിട്ടു് ഏൽക്കുകയത്രേ ചെയ്യുന്നതു്. ചില പ്രസിദ്ധീകരണശാലക്കാർ ചില സാഹിത്യകാരന്മാരെ പ്രതിമാസശമ്പളത്തിൽതന്നെ നിയോഗിച്ചു വരുന്നുണ്ടു്. സ്റ്റീവൻസൺ, ഓപ്പൻഹീം, കാനൺഡയിൽ തുടങ്ങിയ സാഹിത്യകാരന്മാർക്കു അവരുടെ സ്വന്തമെന്ന നിലയിൽ പ്രസിദ്ധീകരണശാലകൾ തന്നെയും ഉണ്ടെന്നും പ്രതിദിനം 50 മുതൽ 100 പവൻവരെ ആദായം ലഭിക്കുന്ന സാഹിത്യകാരന്മാർ ഇംഗ്ലണ്ടിൽ ഉണ്ടെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

ഇതിനും പുറമെ സിനിമ, നാടകം തുടങ്ങിയ അഭിനയസങ്കേതങ്ങളിൽ സാഹിത്യകാരന്മാരുടെ കൃതികളെ പ്രചരിപ്പിക്കുകയെന്ന ഭാരവും പ്രസിദ്ധീകരണശാലക്കാർതന്നെയാണ് മിക്കവാറും വഹിച്ചുവരുന്നത്. ഈ ഇനത്തിലും തങ്ങൾക്കുള്ള ആദായത്തിനും പുറമെ വമ്പിച്ച തുകകൾ സാഹിത്യകാരന്മാർക്കു ലഭിക്കുന്നതിനുള്ള അവസരങ്ങൾ പ്രസിദ്ധീകരണശാലക്കാരാണ് ഉളവാക്കാറുള്ളതെന്ന സംഗതി സുപ്രസിദ്ധവും സർവ്വോപരി അഭിനന്ദനാർഹവും ആകുന്നു.

ഇംഗ്ലണ്ടിലെ പ്രസിദ്ധീകരണശാലകളിൽ അതിപ്രധാനങ്ങളായ ലാങ്മൻസ് പ്രസിദ്ധീകരണശാലയിൽ പ്രതിമാസം ൧൦൦൦൦ പവൻെറ ശമ്പളക്കാരുണ്ടെന്നും, കഴിഞ്ഞ ൫ വർഷത്തെ ശരാശരി ആദായം ൬ കോടിപ്പവനാണെന്നും പ്രസ്താവിച്ചിരിക്കുന്നു. അതുപോലെ ജാർജ്ജ് ബെൽസ് കമ്പനിയിൽനിന്നും പ്രതിവർഷം ൩ കോടിപ്പവൻെറ ആഖ്യായികകൾ ലോകമൊട്ടുക്ക് പ്രചരിപ്പിച്ചു വരുന്നുണ്ടത്രെ.

ഈസ്റ്റേൺ പബ്ലിഷിങ് കമ്പനിക്കാരുടെ റിപ്പോർട്ടനുസരിച്ച് ശരാശരി ഒരുവർഷം ൧൨ കോടി പുസ്തകങ്ങൾ അവർ അടിച്ച് പ്രസിദ്ധപ്പെടുത്തുന്നതായി പറയപ്പെടുന്നു.

ഏതായാലും പാശ്ചാത്യർ ഇന്ന് പൌരസ്ത്യരേക്കാൾ പ്രസിദ്ധീകരണവ്യവസായത്തിൽ തല്പരന്മാരാണെന്നുള്ള സംഗതി ഏററവും പരമാർത്ഥമാകുന്നു.

നമ്മുടെ മലയാളസാഹിത്യകാരന്മാരുടെ കാര്യം നോക്കുക. ഈ അടുത്ത കാലത്തു മാത്രമാണ് രണ്ടു മൂന്നു പ്രസിദ്ധീകരണശാലകൾ മലയാളത്തിൽ ഉണ്ടായിട്ടുള്ളത്. അവരുടെ പ്രയത്നഫലമായി സാഹിത്യകാരന്മാർക്കു ചില പ്രോത്സാഹനങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും ഇന്നും പ്രസിദ്ധീകരണശാലക്കാർക്കു ശരിയായ പ്രോത്സാഹനം ഉണ്ടാകുന്നില്ല. ഇതിനുള്ള കാരണം പൊതുവെ നമ്മുടെ ഇടയിൽ വായനയ്ക്കുള്ള അഭിരുചിക്കുറവും സ്വന്തമായി പുസ്തകം വാങ്ങുന്നതിനുള്ള ധനസ്ഥിതിയുടെ ലോപവും ആയിരിക്കണം. എങ്കിലും മെസേഴ്സ്, റഡ്യാർ, ശ്രീരാമവിലാസം തുടങ്ങിയ പ്രസിദ്ധീകരണശാലക്കാർ മലയാളസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതു് അനുമോദനാർഹം തന്നെയാകുന്നു.